# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുറമറ്റം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAPTA.P8-1114/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 10/11/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറമറ്റം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA.P8-1114/2023 തീയ്യതി: 10/11/2023

## പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2023 | 04-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2023 | 04-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ എ.എസ്. ഓഡിറ്റ് ഓഫീസർ (25-10-2023)

ശ്രീ. ഹരികുമാർ എം. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അനിൽകുമാർ പി. സീനിയർ ഗ്രേഡ് ഓഡിറ്റർ (28-10-2023 മുതൽ)

ശ്രീമതി ആശ എം. കുരുവിള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സൗമ്യ വിജയൻ | പ്രസിഡന്റ് | 01-04-2022 | 01-03-2023 |
| ശ്രീമതി രശ്മി മോൾ കെ.വി (ചാർജ്ജ്) | പ്രസിഡന്റ് | 02-03-2023 | 19-03-2023 |
| ശ്രീ. വിനീത് കുമാർ | പ്രസിഡന്റ് | 20-03-2023 | 31-03-2023 |
| ശ്രീ ബി.പി.കുമാർ | സെക്രട്ടറി | 01-04-2022 | 25-06-2022 |
| ശ്രീമതി ബിന്ദു ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-06-2022 | 02-10-2022 |
| ശ്രീ. കെ.വി. രാധാകൃഷ്ണൻ നായർ | സെക്രട്ടറി | 03-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീലത പി.ബി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-04-2022 |
| ശ്രീമതി ബിന്ദു ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-05-2022 | 16-11-2022 |
| ശ്രീ. ഉണ്ണികൃഷ്ണൻ നായർ | അസിസ്റ്റന്റ് സെക്രട്ടറി | 17-11-2022 | 31-03-2023 |
| ശ്രീ. സുനിൽകുമാർ കെ.യു. | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി ലത മേരി തോമസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ഒബി ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. അലക്സാണ്ടർ എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 18-09-2022 |
| ശ്രീ. ശ്രീജിത് എ.എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 19-09-2022 | 22-11-2022 |
| ശ്രീ. ലക്ഷ്മി ജി. മോഹൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 23-11-2022 | 31-03-2023 |
| ഡോ. പ്രേമ ജോർജ്ജ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 27-04-2022 |
| ഡോ. ജിബി വർഗീസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 28-04-2022 | 31-03-2023 |
| ഡോ. ശ്രീജിത് എൻ. ഭാസ്കരൻ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. പ്രിയേഷ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 29-06-2022 |
| ഡോ. ഷിജി പാപ്പച്ചൻ | മെഡിക്കൽ ഓഫീസർ, | 30-06-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ആയുർവേദം | | |
| ശ്രീമതി നിഷാതാ ബീവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 12-01-2023 |
| ശ്രീ. രാജേഷ് ഡി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13-01-2023 | 31-03-2023 |
| ശ്രീമതി ലക്ഷ്മി മോഹൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-01-2023 |
| ശ്രീമതി പ്രസന്നകുമാരി സി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-02-2023 | 31-03-2023 |
| ശ്രീ. ശ്രീകുമാർ ജെ. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 05-12-2022 |
| ശ്രീമതി ശിൽപ പ്രദീപ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 06-12-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ആസ്തികൾക്ക് തുല്യമായി കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ബുക്ക് ചെയ്തില്ല | 1-1-3 |
| 5 | ഗ്രാന്റുകളുടെ നീക്കിയിരിപ്പ്- രേഖകളും രജിസ്റ്ററുകളും ലഭ്യമല്ല | 1-1-4 |
| 6 | സംയുക്ത പദ്ധതികളുടെ അക്കൗണ്ട് ബാലൻസ് - നീക്കിയിരിപ്പ് കൃത്യമല്ല | 1-1-5 |
| 7 | KURDFC വായ്പ തുക- നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ റെവന്യൂ ഹെഡിലേക്ക് മുതൽ കൂട്ടിയില്ല | 1-1-7 |
| 9 | ബാധ്യത ഹെഡുകൾ ക്രമീകരിച്ചില്ല | 1-1-8 |
| 10 | കാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ്സ് തെറ്റായി ക്രമീകരിച്ചു | 1-1-9 |
| 11 | ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ബുക്ക് ചെയ്തില്ല | 1-1-10 |
| 12 | അഡ്വാൻസ് തുകകളുടെ കൃത്യത ബോധ്യപ്പെട്ടില്ല | 1-1-11 |
| 13 | എൻ.ആർ.ഇ.ജി.എ- വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-13 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-14 |
| 16 | ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | ഗ്രാന്റ് വിനിയോഗം- അപാകതകൾ | 1-4-1 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമ പദ്ധതികൾ | 1-7 |
| 24 | ക്യാഷ് പരിശോധന | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല | 1-11 |
| 28 | തനത് വിഭവസമാഹരണം - അവലോകനം | 1-12 |
| 29 | കച്ചിറയ്ക്കൽ യൂണിറ്റി മാൾ - ചട്ടം ലംഘിച്ച് കെട്ടിട നിർമ്മാണം : വസ്തുനികുതി | 1-13 |

| | | |
|---|---|---|
| | നിർണ്ണയത്തിലും അപാകതകൾ | |
| 30 | വാണിജ്യാവശ്യത്തിനുള്ള കെട്ടിങ്ങൾ 1078 : ലൈസൻസ് എടുത്തത് 355 സ്ഥാപനങ്ങൾ മാത്രം | 1-14 |
| 31 | ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി, ലൈസൻസ് ഫീസ് പിരിവിൽ പുരോഗതി | 1-15 |
| 32 | കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല | 1-16 |
| 33 | ഭരണസമിതിയോഗം- മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല | 1-17 |
| 34 | സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം കുറച്ചു - വെള്ളക്കരം ഇനത്തിൽ കുറവുണ്ടായി | 1-18 |
| 35 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയില്ല- അധിക ചെലവിന് കാരണമാകുന്നു | 1-19 |
| 36 | പരേതർക്കും ക്ഷേമപെൻഷൻ - സർക്കാർ ഫണ്ടിനുണ്ടായ നഷ്ടം 5.40 ലക്ഷം രൂപ | 1-20 |
| 37 | ഹെൽത്ത് ഗ്രാന്റ് ലഭിച്ചിട്ടും പിഎച്ച്സിയിൽ ലാബ് സൗകര്യം ഏർപ്പെടുത്താൻ കഴിഞ്ഞില്ല | 1-21 |
| 38 | പണമടച്ചു: പിഎച്ച്സിക്ക് മരുന്ന് ലഭിച്ചില്ല | 1-22 |
| 39 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - ചെലവഴിക്കാത്ത 1.14 ലക്ഷം രൂപ തിരിച്ചടച്ചില്ല | 1-23 |
| 40 | കരാർ ജീവനക്കാരുടെ നിയമന, സേവന വിവരങ്ങൾ സൂക്ഷിക്കുന്നില്ല | 1-24 |
| 41 | "ടേക്ക്-എ- ബ്രേക്ക്" പൊതു ശൗചാലയം പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തില്ല | 1-25 |
| 42 | വിനിയോഗം കുറവ്-മെയിന്റനൻസ് ഗ്രാന്റ് 28.80 ലക്ഷം രൂപ ലാപ്സായി | 1-26 |
| 43 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല | 1-27 |
| 44 | ജി.എസ്.ടി.കോമ്പൻസേഷൻ- അധികം നൽകിയ തുക ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരികെ അടച്ചു | 1-28 |
| 45 | റോഡ് കണക്റ്റിവിറ്റി മാപ്പിംഗ്-പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് | 1-29 |
| 46 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27-07-2023 ലെ 11(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 29-07-2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീ രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട — ഡെപ്യൂട്ടി ഡയറക്ടർ, ജില്ല ഓഡിറ്റ് കാര്യാലയം

10.11.2023 — പത്തനംതിട്ട

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 25,73,018 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net

Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)16,77,694 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തികൾക്ക് തുല്യമായി കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ബുക്ക് ചെയ്തില്ല

തൻവർഷം സർക്കാർ ഗ്രാന്റുകൾ വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിക്കുന്നതിനായി /നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകൾക്ക് ആനുപാതികമായ തുക Capital Contribution അക്കൗണ്ടിലേക്ക് ജേണൽ വഴി ട്രാൻസ്ഫർ ചെയ്തിട്ടില്ല. തത്ഫലമായി ഗ്രാമപഞ്ചായത്തിന്റെ റെവന്യൂ ചെലവുകകളേക്കാൾ വരവ് ഉയർന്നു നിൽക്കുകയും യഥാർത്ഥ സാമ്പത്തിക നില പ്രതിഫലിക്കാതെ വരികയും ചെയ്യും.

1-1-4 ഗ്രാന്റുകളുടെ നീക്കിയിരിപ്പ്- രേഖകളും രജിസ്റ്ററുകളും ലഭ്യമല്ല

വിവിധ ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും അഭാവത്തിൽ നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടില്ല.

| ഹെഡുകൾ | ഇനം | തുക |
|---|---|---|
| 320100999 | Other Liabilities | 49,484 |
| 320300199 | Grants, Funds & Contributions For Specific Purposes- Other Government Agencies | 1,16,053 |
| 320800101 | Beneficiary Contributions | 1,67,471 |
| 320900102 | Donations Related To Epidemic Control | 4,204 |

1-1-5 സംയുക്ത പദ്ധതികളുടെ അക്കൗണ്ട് ബാലൻസ് - നീക്കിയിരിപ്പ് കൃത്യമല്ല

സംയുക്ത പദ്ധതികളുടെ അക്കൗണ്ട് ബാലൻസും ബന്ധപ്പെട്ട ട്രഷറി/ബാങ്ക് അക്കൗണ്ട് ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-6 KURDFC വായ്പ തുക- നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

Secured Loans- Loan From KURDFC - വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും (രൂ. 4,06,228) യഥാർത്ഥ നീക്കിയിരിപ്പ് തുകയും (രൂ. (-)1,60,564) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ലൈഫ് മിഷൻ വായ്പാ തിരിച്ചടവിൽ 2021-22 വർഷം ലൈഫ് മിഷൻ സംസ്ഥാനവിഹിതമായി ലഭിച്ച 5,50,000 രൂപയും ബാങ്ക് പലിശ16,792 രൂപയും ലോൺ ഹെഡിൽ ഉൾപ്പെടുത്തിയിരുന്നു.

1-1-7 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ റെവന്യൂ ഹെഡിലേക്ക് മുതൽ കൂട്ടിയില്ല

ഷെഡ്യൂൾ ബി-7: Deposits Received- കാലഹരണപ്പെട്ട തുകകൾ റെവന്യൂഹെഡിലേക്ക് മുതൽ കൂട്ടിയില്ല. Suppliers EMD തുക Beneficiary Contribution Head-ൽ അക്കൗണ്ട് ചെയ്തു (രൂ. 3000). ആയത് തിരികെ നൽകിയപ്പോൾ EMD യിൽ കുറവ് ചെയ്തു.

1-1-8 ബാധ്യത ഹെഡുകൾ ക്രമീകരിച്ചില്ല

ഷെഡ്യൂൾ ബി-9: വിവിധ ബാധ്യത ഹെഡുകളിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന തുകകൾ ക്രമീകരിച്ചില്ല. ആയതിന്റെ നീക്കിയിരിപ്പിന്റെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടില്ല.

| ഹെഡുകൾ | ഇനം | തുക |
|---|---|---|
| 350200199 | Other Recoveries From Employees | 40526 |
| 350200201 | Income Tax Deducted At Source | 7000 |
| 350400999 | Refund Of Unutilised Grants | 130790 |
| 350800101 | Liability In Respect Of Stale Cheque | 5977 |

1-1-9 കാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ്സ് തെറ്റായി ക്രമീകരിച്ചു

ഷെഡ്യൂൾ ബി-11(b): Capital Work In Progress- റെവന്യൂ ചെലവുകൾ ഈ അക്കൗണ്ടിൽ തെറ്റായി ജേണൽ വഴി ക്രമീകരിച്ചിരിക്കുന്നു.

| | | |
|---|---|---|
| 250120401 | Increasing Milk Production | 188300 |
| 251150507 | Social Security Gender Resource Center | 21000 |

Capital Expenditure Adjust ചെയ്തിട്ടുള്ളതിനും കൃത്യതയില്ല.

### 1-1-10 ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ബുക്ക് ചെയ്തില്ല

1). ഷെഡ്യൂൾ ബി-11(e): കുടിവെള്ള പദ്ധതിക്ക് (പ്രോജക്റ്റ് നം. S0006/23) വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 3,75,000 രൂപ പ്രവൃത്തി ആരംഭിക്കാതെ തന്നെ ആസ്തി ഹെഡിൽ ബുക്ക് ചെയ്തു (Head 414120008). Advance To Implementing Agencies എന്ന ഹെഡിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നത്.

2). ഷെഡ്യൂൾ ബി-11(e): സ്ട്രീറ്റ് മെയിൻ വലിക്കൽ (പ്രോജക്റ്റ് നം.S0005/23) പദ്ധതിക്ക് അഡ്വാൻസ് നൽകിയ തുക തെറ്റായി ആസ്തി ഹെഡിൽ ബുക്ക് ചെയ്തു (₹6,36,434).

### 1-1-11 അഡ്വാൻസ് തുകകളുടെ കൃത്യത ബോധ്യപ്പെട്ടില്ല

ഷെഡ്യൂൾ ബി-18: വിവിധ അഡ്വാൻസുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു. ആയതിന്റെ കൃത്യത ഓഡിറ്റിൽ വെളിപ്പെടുത്തിയില്ല.

### 1-1-12 എൻ.ആർ.ഇ.ജി.എ- വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

1). ഷെഡ്യൂൾ ബി-18: NREGA – തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള കണക്കും വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരുപ്പും തമ്മിൽ 245556 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ശമ്പള ചെലവുകൾ Salary-Contract Staff എന്ന ഹെഡിൽ തെറ്റായി ബുക്ക് ചെയ്തു.

2). Advance To Others- NREGS സ്റ്റാഫിന് നൽകിയ Festival Allowance തെറ്റായി ബുക്ക് ചെയ്തിരിക്കുന്നു.

### 1-1-13 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് - വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരം ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

### 1-1-15 ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.03.2022ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 17.03.2023-ലെ 6(1)-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും, റസീറ്റ് & പേയ്മെന്റ് പത്രിക (R&P), ഇൻകം &എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരവ്-

ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | റസീറ്റ് & പേയ്മെന്റ് പത്രിക | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക |
|---|---|---|---|
| മുന്നിരിപ്പ് | 8360782 | 9910040 | |
| വരവ് | 168806500 | 23454681 | 77550620 |
| ആകെ | 177167282 | 33364721 | |
| ചെലവ് | 174461000 | 20881663 | 78482898 |
| നീക്കിയിരിപ്പ് | 2706282 | 12483058 | |

ബജറ്റ് പ്രകാരം 16.88കോടി രൂപയുടെ പ്രതീക്ഷിത വരവും 17.44 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 7.75കോടി രൂപയും ചെലവ് 7.842കോടി രൂപയുമാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി കഴിയുന്നത്ര വാസ്തവികമായ രീതിയിൽ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-215 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. കാര്യക്ഷമമായ വിഭവ സമാഹരണത്തിനും വാർഷിക പദ്ധതിയുമായി ബന്ധപ്പെടുത്തിയ അനിവാര്യവും പൊതുവുമായ ചുമതലാ നിർവ്വഹണത്തിനും ഇതിലുൾപ്പെട്ട പ്രോജക്ടുകളുടെ സമയബന്ധിതവും ഗുണകരവുമായ നിർവ്വഹണം ഉറപ്പാക്കുന്നതിനുമുള്ള ഒരുപാധി എന്ന നിലയിൽ ബജറ്റിനെ പ്രയോജനപ്പെടുത്തുവാൻ സാധിക്കേണ്ടതുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക |
|---|---|---|
| മുന്നിരിപ്പ് | 99,10,040 | |
| വരവ് | 2,34,54,681 | 7,75,50,620 |
| ആകെ | 3,33,64,721 | |
| ചെലവ് | 2,08,81,663 | 7,84,82,898 |
| നീക്കിയിരിപ്പ് | 1,24,83,058 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 9776000 | 9776000 | 7759937 | -- | 2016063 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 4155000 | 4155000 | 3776524 | -- | 378476 |
| വികസന ഫണ്ട് റ്റി.എസ്..പി | ,, | Xx | Xx | Xx | Xx | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1221472 | 2671601 | 3893073 | 1888162 | 1883310 | 121601 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 495100 | 1718809 | 2299583 | 840000 | 1440774 | 18809 |
| | പലിശ | 85674 | | | | |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 3566000 | 3566000 | 1871815 | -- | 1694185 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 4570000 | 4570000 | 3384619 | -- | 1185381 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | 2069 | -- | 2069 | -- | 2069 | |
| ശുചിത്വ മിഷൻ | 756389 | -- | 756389 | -- | 756389 | |
| സമ്പൂർണ്ണ ശുചിത്വം | 1212278 | 130000 | 1342278 | 130000 | 1212278 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | 294556 | 481988 | 776544 | 353260 | 423284 | |
| എം.ജി.എൻ. ആർ.ജി.എസ് | 1293 | 1,52,91,688 | 1293 | 1,52,89,874 | 1293 | |
| ഹെൽത്ത് ഗ്രാന്റ് | -- | 238023 | 238023 | -- | 238023 | |
| എസ്.എസ്.എ. | 27542 | 751 | 28293 | -- | 28293 | |

## 1-4-1 ഗ്രാന്റ് വിനിയോഗം- അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 7,21,145 |
| ,, | അങ്കണവാടി അധിക വേതനം | 7,44,600 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 5,75,524 |

## 1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 144 | 77155621 | 95 | 26002545 | 49 | 33.7 |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 3977538 | 3577735 | 100% |
| വെറ്ററിനറി സർജൻ | 8 | 8 | 2833950 | 1906585 | 100% |
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി | 9 | 7 | 1486645 | 1187416 | 78% |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | 2 | 2 | 260000 | 255000 | 100% |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 160000 | 56000 | 50% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ /ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16 | 9 | 43460290 | 5062642 | 56% |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 6 | 4 | 3291140 | 2330458 | 67% |
| പ്രധാന അദ്ധ്യാപകൻ | 3 | 3 | 670000 | 539999 | 100% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 500000 | 370011 | 100% |
| സെക്രട്ടറി | 28 | 19 | 9109593 | 6165160 | 68% |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 4 | 1457700 | 685733 | 45% |
| അസിസ്റ്റന്റ് എഞ്ചിനിയർ | 52 | 27 | 9948765 | 3865806 | 54% |
| ആകെ | 144 | 94 | 77155621 | 26002545 | 65% |

56 സ്പിൽ ഓവർ പദ്ധതികളിൽ 20 എണ്ണം നടപ്പാക്കാതെ ഉപേക്ഷിച്ചു. സ്പിൽ ഓവർ പദ്ധതികൾക്കായി 1,00,98,958 രൂപ വകയിരുത്തിയെങ്കിലും 41,36,755 രൂപ മാത്രമായിരുന്നു ചെലവഴിച്ചത്. 2022-23 ലെ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം വാങ്ങാനായത് 28.9.2022 ൽ മാത്രമാണ്. 2022-23 ലേക്ക് ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് ഗ്രാമസഭ ചേർന്ന് ലിസ്റ്റ് അംഗീകരിച്ചത് 2022 നവമ്പർ 22 ന് മാത്രമാണ്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തുന്നതിനായി ഏറ്റെടുത്ത സ്വയം തൊഴിൽ സംരഭകർക്ക് സബ്സിഡി ധനസഹായം, ബയോ ബിൻ, ശൗചാലയങ്ങളുടെ സംരക്ഷണഭാഗം അറ്റകുറ്റപ്പണി, അതിദരിദ്രർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം വസ്തു വാങ്ങൽ, ഭവന നിർമ്മാണം എന്നിവ ഉൾപ്പെടെ 33.50 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പാക്കാതെ ഉപേക്ഷിക്കുകയുണ്ടായി. അതിദരിദ്രർ ഉൾപ്പെടെയുള്ളവർക്ക് ആനുകൂല്യം ലഭിക്കേണ്ട പദ്ധതികളാണ് ഇത്തരത്തിൽ നിർവ്വഹണം നടത്താതെ ഉപേക്ഷിച്ചിട്ടുള്ളത്.

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരും പദ്ധതി നിർവഹണം പൂർണ്ണമാക്കിയില്ല. അസി.എഞ്ചിനീയറെ നിർവ്വഹണം ഏൽപ്പിച്ചതിൽ 52% പദ്ധതികളാണ് നടപ്പാക്കിയത്. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ഭരണതലത്തിൽ ജാഗ്രത കാണിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1,293 | 19,73,080 | 19,74,373 | 19,71,266 | 3,107 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 1,33,18,608 | 1,33,18,608 | 1,33,18,608 | 0 |
| ആകെ | 1,293 | 1,52,91,688 | 1,52,92,981 | 1,52,89,874 | 3,107 |

തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള വരവ് ചെലവ് കണക്കും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കും തമ്മിൽ വ്യത്യാസമുണ്ട്.

ഭരണ ചെലവുകളുടെ വരവ് ചെലവ് കണക്കിൽ പഞ്ചായത്തിൽ നിന്നും ലഭിച്ച അഡ്വാൻസും ആയതിന്റെ റീക്യുപ്മെന്റും ഉൾപ്പെടുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

2021-22 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 88 | 981800 |
| വികലാംഗ പെൻഷൻ | 177 | 1940400 |
| വാർദ്ധക്യകാല പെൻഷൻ | 1669 | 16873400 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 15 | 154600 |
| വിധവാ പെൻഷൻ | 460 | 4589400 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2023 തീയതിയിൽ 12.10 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പായ 8,786 രൂപയുടെ (എണ്ണായിരത്തി എഴുന്നൂറ്റി എൺപത്തിയാറ്) കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ചെസ്റ്റിൽ തലേദിവസത്തെ കളക്ഷൻ തുകയായ 16,151 രൂപ സൂക്ഷിച്ചിരുന്നു. 26.20.2023-ലെ ഡേ ബുക്ക് പ്രകാരം ടി തുകയുടെ കൃത്യതയും പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതായിട്ടുണ്ട്. ഓഫീസ് ജോലി വിഭജനം കൃത്യമായി നടപ്പാക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം മികച്ച രീതിയിൽ നടപ്പാക്കിയിട്ടുണ്ട്. രജിസ്റ്ററുകളും രേഖകളും കൈകാര്യം ചെയ്യുന്നതിലും സൂക്ഷിക്കുന്നതിലും കുറച്ചുകൂടി കാര്യക്ഷമത പുലർത്തേണ്ടതായിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോകുമ്പോൾ ജോലിയിലെ തുടർച്ചയും രജിസ്റ്ററുകളും രേഖകളും കൈകാര്യം ചെയ്യുന്നതിലെ സൂക്ഷ്മതയും നഷ്ടപ്പെടുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു.

വസ്തുനികുതി പിരിച്ചെടുക്കുന്നതിൽ ജീവനക്കാരുടെ ഭാഗത്തുനിന്നും കൂട്ടായ പരിശ്രമം ഉണ്ടായിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഘടനാ പരമായ മാറ്റം, പുതുക്കൽ എന്നിവ നിരന്തരം പരിശോധിക്കുന്നതിൽ പുരോഗതിയില്ല.

നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലും അവയുടെ മോണിറ്ററിംഗിലും ജീവനക്കാരും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും ജാഗ്രത കാണിക്കുന്നില്ല. മരണപ്പെടുന്ന ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. തത്ഫലമായി സർക്കാർ ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്.

പദ്ധതി പ്രവർത്തനം കാര്യക്ഷമമായും സമസബന്ധിതമായും നടപ്പാക്കുന്നില്ല. തത്ഫലമായി സ്പിൽ ഓവർ പ്രവൃത്തികൾ കൂടുകയും തൻ വർഷത്തെ പദ്ധതി പ്രവർത്തനത്തിന് മതിയായ ഫണ്ട് ലഭിക്കാതെ വരികയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു. ഇത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ജാഗ്രതയില്ലായ്മയിലേക്ക് വിരൽചൂണ്ടുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.2.2018 | 2012-13 മുതൽ 2016-17 വരെ | 7.4.2018 |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.07.2022 - 05.07.2022 | 01/2022 മുതൽ 03/2022 വരെ | 28.11.2022 |

## 1-11 പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല

2022-23 സാമ്പത്തിക വർഷത്തെ തനത് വരവ് - ചെലവ് കണക്കുകൾ പരിശോധിച്ചതിൽ ഗ്രാമപ്പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല എന്ന കാണുന്നു. നികുതി/നികുതിയേതര വരവുകൾ, ഗ്രാമപഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് /അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 59 ലക്ഷം രൂപയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു. (Income & Expenditure Statement പ്രകാരമുള്ളത്).

| ഷെഡ്യൂൾ | തനത് വരുമാനം | തുക | ഷെഡ്യൂൾ | ചെലവ് | തുക |
|---|---|---|---|---|---|
| I-1 | Tax Revenue | 63,38,102 | I-10 | Establishment Expenses | 1,06,03,370 |
| I-3 | Rental Income | 1,03,416 | | | |
| | Fees User Charges | 6,34,770 | I-11 | Administrative Expenses | 9,28,816 |
| I-4 | Sale Hire Charges | 27,290 | I-12 | Operations Maintenance | 15,13,828 |
| I-8 | Interest Earned | 89,200 | I-13 | Interest Finance Charges | 662 |
| I-9 | Other Income | 0 | | | |
| | ആകെ | 71,92,778 | | | 1,30,46,676 |

മിച്ച ഫണ്ട് (7192778-13046676) : (-)5853898

സാമ്പത്തിക വർഷം പൊതുആവശ്യ ഗ്രാന്റായി 70,43,000 രൂപയാണ് ലഭിച്ചിട്ടുള്ളത്. പൊതുആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ട് മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, വൈദ്യുതചാർജ്, വെള്ളക്കരം എന്നിവ മുടക്കം കൂടാതെ നല്കുവാൻ കഴിയുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ആയതിനാൽ നികുതി/നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും, അതുപോലെതന്നെ സ്ട്രീറ്റ് ലൈറ്റ്, പൊതുടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവന്ന് പഞ്ചായത്തിന്റെ ധനകമ്മി നിവാരണം ചെയ്യുന്നതിനും, ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിക്കാതെ എല്ലാ സ്രോതസ്സുകളും പൂർണ്ണമായി പ്രയോജനപ്പെടുത്തി പരമാവധി വിഭവം സാധ്യമായ മാർഗ്ഗങ്ങളിൽനിന്നെല്ലാം സ്വരൂപിക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകേണ്ടതാണ്.

## 1-12 തനത് വിഭവസമാഹരണം - അവലോകനം

ഗ്രാമപ്രദേശം കൂടുതലുള്ള ഗ്രാമപഞ്ചായത്താണ് പുറമറ്റം. തനത് വരുമാനം തീരെ കുറഞ്ഞ പഞ്ചായത്താണിത്. പ്രധാന തനത് വരുമാനം വസ്തു നികുതിയാണ്. തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റുകൾക്കു പുറമെയുള്ള മറ്റ് വരുമാന മാർഗങ്ങൾ. 70 ലക്ഷം രൂപയാണ് പൊതു ആവശ്യ ഗ്രാന്റ് കൂടാതെയുള്ള തൻവർഷത്തെ ആകെ തനതു വരുമാനം.

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ 11.07.2023-ലെ ഡി.കെ.എസ്.എ.3683/എസ്.എസ്. 3/2019പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പുറമറ്റം ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ)നം.117/2022/എൽ.എസ്.ജി. ഡി., തീയതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2-ആയി എല്ലാ പ്രാദേശിക സർക്കാരും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നു മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് വേണ്ട

നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ, ഭരണ സമിതിയോ സ്വീകരിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതായോ, ലഭ്യമായ തനത് വരുമാനം പിരിച്ചെടുക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയതായോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വേക്കൻസി റമിഷൻ, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതി വരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പ് വരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

<u>ബജറ്റ് – വാർഷിക ധനകാര്യ പത്രിക- വരവിനങ്ങളുടെ താരതമ്യം</u>

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ് . 2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവും, സ്ഥാപനത്തിലെ വാർഷിക കണക്കു പ്രകാരം ലഭ്യമായ വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കു പ്രകാരം ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| വസ്തു നികുതി | 50,00,000 | 38,43,565 | 11,56,435 |
| തൊഴിൽ നികുതി | 14,00,000 | 4,70,230 | 9,29,770 |
| വാടക | 90500 | 103416 | -12,916 |
| ലൈസൻസ് | 137000 | 183700 | -46,700 |
| പെർമിറ്റ് ഫീ | 425000 | 183700 | 2,41,300 |

പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യാഥാർത്ഥ വരവും തമ്മിൽ ഇത്രയും അന്തരം വരുമ്പോൾ ബജറ്റിന്റെ രൂപീകരണം യാതൊരു മുന്നൊരുക്കവും കൂടാതെ ആണെന്ന് വ്യക്തമാകുന്നതാണ്. ബജറ്റ് യാഥാർത്ഥ്യത്തോട് ചേർന്നു നിൽക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>വസ്തു നികുതി</u>

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമാണ് വസ്തു നികുതി. ഗ്രാമപഞ്ചായത്തിൽ ആകെ 13 വാർഡുകളുണ്ട്. വസ്തുനികുതി ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വരവിനം | | ഡിമാന്റ് | കളക്ഷൻ |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | AFS | 36,55,741 | 32,32,188 |
| | സഞ്ചയ | 46,73,945 | 43,53,447 |
| വസ്തു നികുതി (അരിയർ) | AFS | 10,24,010* | 6,11,377 |
| | സഞ്ചയ | 10,30,558 | 8,18,257 |

(* 2022-23 വാർഷിക ധനകാര്യ പത്രിക B-15 പ്രകാരമുള്ളത്)

<u>വസ്തു നികുതി വരവിന്റെ കൃത്യത</u>

ILGMS സംവിധാനത്തിൽ രേഖപ്പെടുത്തുന്ന വസ്തു നികുതി വരവ്, ഓൺലൈൻ ആയി സഞ്ചയ ഡാറ്റാബേസിൽ അതേ സമയം തന്നെ രേഖപ്പെടുത്തുന്നതാണ്. എന്നാൽ സങ്കേതിക കാരണങ്ങളാൽ ഇന്ററപ്റ്റഡ് രസീതി മുഖേനയും ഔട്ട്ഡോർ കളക്ഷനിലൂടെയും വസ്തു നികുതി പിരിക്കുമ്പോൾ ILGMS ൽ വരവ് വെക്കുന്ന തുക പിന്നീട് സഞ്ചയയിൽ ഓരോ കെട്ടിടത്തിനുനേർക്കും വരവ് രേഖപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ സഞ്ചയയിൽ വരവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയാൽ സഞ്ചയയിലേയും ILGMS ലേയും വരവ് വ്യത്യാസപ്പെടുന്നതാണ്. ഓൺലൈൻ ആയി ഒടുക്കുന്ന നികുതി സഞ്ചയയിലും ILGMS ലും വരവു വെക്കപ്പെടുമെങ്കിലും ബാങ്കിൽ തുക ക്രെഡിറ്റ് ആകുന്നതിൽ 6-8 ദിവസത്തെ കാലതാമസം ഉണ്ടാകുന്നുണ്ട്. ഓൺലൈൻ ആയി ഒടുക്കിയ തുക ബാങ്കിൽ വരവു വയ്ക്കപ്പെടുന്നുണ്ടെന്ന് നിശ്ചിത ഇടവേളകളിൽ നിരീക്ഷിക്കാതിരുന്നാൽ നഷ്ട സാധ്യത ഉണ്ടാകുന്നതാണ്.

2022-23 വർഷത്തെ വാർഷിക കണക്ക്, സഞ്ചയ DCB എന്നി പ്രകാരമുള്ള വരവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | വരവ് (രൂപ) |
|---|---|
| AFS പ്രകാരം വസ്തു നികുതി വരവ് | 36,55,471 |
| സഞ്ചയ DCB പ്രകാരം വരവ് | 43,53,447 |

2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

സ.ഉ (കൈ) നം. 77/2023/എൽ.എസ്.ജി.ഡി., തീയതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ(അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി., തീയതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുറമറ്റം ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 27.07.2023-ലെ 2(1)-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും 09.08.2023-ലെ SC3-2414/23 പ്രകാരം ഇതു സംബന്ധിച്ച അറിയിപ്പ് 17.08.2023 തിയതിയിൽ മാതൃഭൂമി, ദേശാഭിമാനി എന്നീ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, എം.എസ്.എം.ഇ. വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ/ റിസോർട്ടുകൾ, റസിഡൻഷ്യൽ ഹോംസ്റ്റേ തുടങ്ങിയ സ്ഥാപനങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. ഇതിനായി പത്രവാർത്ത നൽകുകയും എംപ്ലോയ്മെന്റ് ആർ.ഐ.സെന്റർ, പോളിടെക്നിക് എന്നിവിടങ്ങളിൽ അറിയിക്കുകയും ഗവ. പോളിടെക്നിക്കിൽ നേരിട്ട് ബന്ധപ്പെടുകയും ചെയ്തിരുന്നുവെങ്കിലും ആരും തന്നെ സന്നദ്ധത പ്രകടിപ്പിച്ചില്ല. മാത്രമല്ല ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള ട്രെയിനിംഗ്, ജിയോടാഗിംഗ് ഉൾപ്പെടെയുള്ളവ രേഖപ്പെടുത്തുന്നതിന് മൊബൈൽ ആപ്പ്, സഞ്ചയയിൽ യൂസർ ഐഡി എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങളും സജ്ജീകരിച്ചിട്ടില്ല.

4. ആക്ഷേപങ്ങൾ സ്വീകരിച്ചതിനുശേഷം മാറ്റങ്ങൾ വരുത്തിയ വസ്തു നികുതി നിരക്ക് 21.09.2023-ലെ 6(1)-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും അടിസ്ഥാന വസ്തു നികുതി നിരക്ക് പട്ടിക 1-ആയും പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളെ പട്ടിക 2-ആയും പട്ടിക 3 പ്രകാരം വിജ്ഞാപനം ചെയ്യേണ്ട റോഡുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. 21.09.2023-ലെ SC3-2414/23 പ്രകാരം ഇതു സംബന്ധിച്ച അറിയിപ്പ് പഞ്ചായത്ത് വെബ്സൈറ്റിലും ഓഫീസ് നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ ഇപ്രകാരമാണോ മേഖലകൾ തിരിച്ചിട്ടുള്ളത് എന്നത് വ്യക്തമല്ല. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ/ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ, നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ 57 ഓളം ഫോം 9B അപേക്ഷകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും ആയതിൽ നാളിതു വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ 9B അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ, ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26,27 എന്നിയും, ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 207(1) പ്രകാരം ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് തുടങ്ങിയ സേവനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ജലവിതരണം, തെരുവു വിളക്കുകൾ എന്നീ സേവനങ്ങൾക്കായി 30% (ഇവ രണ്ടിനും 15% നിരക്കിൽ) സേവന ഉപനികുതി ഈടാക്കുന്നുണ്ട്.

നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ പരിശോ ധന

അനധികൃത ഇളവുകൾ നൽകിയതായി കാണുന്നില്ല.

വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തൽ

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ) നം.36/2015/തസ്വഭവ തിയതി 24-02-2015), സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8.9.2020 എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2023 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 05.04.2023-ലെ സ.ഉ.(അച്ചടി)നം. 25/2023/LSGD പ്രകാരമുള്ള നിരക്കുകകൾ 01.10.2023-ൽ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 01.04.2023 പ്രാബല്യത്തിൽ ടി നിരക്കു പ്രകാരമുള്ള തുകയാണ് ഈടാക്കുന്നത്.(മേഖലാ, റോഡ് എന്നിവയുടെ തരം അനുസരിച്ചിട്ടുള്ള മാറ്റങ്ങൾ സഞ്ചയയിൽ അപ്ഡേറ്റ് ചെയ്തിട്ടില്ല.)

അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി

യു.എ രജിസ്റ്റർ പ്രകാരവും സഞ്ചയ പ്രകാരവും ഗ്രാമപഞ്ചായത്തിൽ 5 കെട്ടിടങ്ങളാണുള്ളത്. ടി കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഈടാക്കി വരുന്നുണ്ട്.

മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിവിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകളാണ് പ്രവർത്തിക്കുന്നത്. ച.മീറ്ററിന് 600 രൂപ നിരക്കാണ് വസ്തു നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. 3 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശികയായുണ്ട്. കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു.

1. ഇൻഡസ് ടവർ ലിമിറ്റഡിന്റെ(കെട്ടിടം നം. 3/187/A) - 2020 ഒന്നാം അർദ്ധവർഷം മുതലുള്ള 92402 രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്.
2. ബി.എസ്.എൻ.എൽ മൊബൈലിന്റെ (കെട്ടിടം നം. 3/262/A) – 2017 ഒന്നാം അർദ്ധവർഷം മുതലുള്ള 19603 രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്.
3. റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡിന്റെ (കെട്ടിടം നം. 3/499/A) – 2020 ഒന്നാം അർദ്ധവർഷം മുതലുള്ള 36964 രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്.

ഇതിൽ ക്രമ നമ്പർ 2 പ്രകാരമുള്ള മൊബൈൽ ടവറിന്റെ വസ്തു നികുതി പിരിച്ചെടുക്കുന്നതിലേയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
2. മൊബൈൽ ടവർ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
3. ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതി അക്കൗണ്ടിൽ കൃത്യമായി വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് .

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 1 തീയതി 25.10.2023 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്)

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം

വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. മുൻ വർഷങ്ങളിലെ അപേക്ഷിച്ച് തൊഴിൽ നികുതിയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും തനത് വരുമാന സ്രോതസ്സുകൾ കുറഞ്ഞ പഞ്ചായത്തായതിനാൽ തൊഴിൽ നികുതി പിരിവിൽ യാതൊരു ചോർച്ചയും ഉണ്ടാകാതെ പിരിച്ചെടുക്കുന്നതിന് സൂക്ഷ്മത പുലർത്തേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ, അവയിലെ ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിൽ കരാർ ജോലികൾ ഏറ്റെടുത്ത് ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് കിട്ടാനുള്ള തുകകൾ പൂർണ്ണമായും ഡിമാന്റ്ചെയ്ത് പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ലൈസൻസ്

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

- 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233, 233A, 233B, 233C, 234
- *1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും) ചട്ടങ്ങൾ*

2022-23 വർഷത്തിൽ 355 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുള്ളത്. ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ള ആകെ വരവ് 183700 രൂപയാണ്.

ലൈസൻസ് അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) ലൈസൻസ് നടപടിക്രമങ്ങളിൽ അവ്യക്തതകൾ നിലനിൽക്കുന്നു

2017 ൽ നിയമത്തിലും ചട്ടങ്ങളിലും വരുത്തിയ ഭേദഗതികൾ പ്രകാരം കൂടുതൽ വിഭാഗങ്ങളിലുള്ള സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയെങ്കിലും ചട്ടങ്ങളിലെ പട്ടിക-I ൽ 'ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വിഭാഗത്തിൽപ്പെട്ട 557 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. പട്ടിക-I ൽ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ പുതിയ വിഭാഗങ്ങളിൽപ്പെട്ട സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാത്ത സാഹചര്യമാണുള്ളത്. ലൈസൻസ് നൽകുന്നതിലെ അവ്യക്തത പരിഹരിക്കുന്നതിനായി എല്ലാ വിഭാഗം സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പട്ടിക-I സർക്കാർതലത്തിൽ പുതുക്കേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

ബി) ഫീസ് ഘടനയിലെ അവ്യക്തത

1996ലെ ലൈസൻസ് ചട്ടങ്ങളിലെ പട്ടിക-II ലെ നിരക്കിൽ സ്ഥാപനങ്ങളുടെ വാർഷിക വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. 31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം 'വിറ്റു വരവ്' എന്നത് 'മൂലധന നിക്ഷേപം' (Investment) എന്നാക്കി മാറ്റുകയും പട്ടിക-II പുതുക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളെ മൈക്രോ, സ്മോൾ, മീഡിയം, ലാർജ് എന്നീ വിഭാഗങ്ങളാക്കി തിരിച്ച് ഉത്പാദനമേഖല, സേവനമേഖല എന്നിങ്ങനെ വേർതിരിക്കുകയും ചെയ്തു. സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തെ അടിസ്ഥാനമാക്കി 500 മുതൽ 15000 രൂപ വരെയുള്ള ലൈസൻസ് ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്. പട്ടികയിൽ നൽകിയിട്ടുള്ള തുക, ഈടാക്കാവുന്ന ഫീസിന്റെ പരമാവധിയാണ്. വ്യത്യസ്ത മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണെങ്കിലും സ്ലാബ് തിരിച്ച് ഈടാക്കാവുന്ന നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല.

സി) അപേക്ഷാ ഫോറം ചട്ടത്തിന്റെ ഭാഗമാക്കിയില്ല

സ്ഥാപനങ്ങളുടെ പുതുക്കിയ ഫീസ് ഘടനയ്ക്കനുസരിച്ചുള്ള പുതുക്കിയ അപേക്ഷാ ഫോറം ഭേദഗതി ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് അവ്യക്തതകൾക്ക് കാരണമായിട്ടുണ്ട്.

ഡി) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ

സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അത് കാലാനുസൃതമായി അപ്ഡേറ്റ് ചെയ്തിട്ടില്ല.

ഇ) ഡിമാന്റിന്റെ പൂർണ്ണത

സഞ്ചയയിലെ ഡാറ്റ പ്രകാരം 1078 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങൾ അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും 355 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ എന്ന് കണ്ടെത്തി. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര

സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്.

എഫ്) ലൈസൻസിനായുള്ള ഓൺലൈൻ സംവിധാനം

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലൈസൻസ് നടപടികൾ കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി ഉൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് പ്രാവർത്തികമാക്കിയിട്ടില്ല. അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും ഫീസ് ഓൺലൈൻ ആയി ഒടുക്കുവാനുമുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പുതുക്കിയ പട്ടിക-1 പുറപ്പെടുവിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ ആവശ്യമായതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതാണ്.
2. ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷാ ഫോറം ചട്ടത്തിന്റെ ഭാഗമായി പുറപ്പെടുവിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ ആവശ്യമായതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതാണ്.
3. വാർഡ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഫീൽഡ് തല പരിശോധനയിലൂടെ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.
4. ലൈസൻസ് എടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
5. ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള രേഖകൾ മാത്രം ആവശ്യപ്പെടേണ്ടതാണ്.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്ത് റേഷൻ കടകളുടെ കൃത്യമായ വിവരം ശേഖരിച്ച് അവരുടെ തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

മറ്റിനം വരവുകൾ

1) വാടക

*കേരള പഞ്ചായത്ത് രാജ്(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, 2005

ഗ്രാമപഞ്ചായത്തിന്റെ വക 11 കടമുറി മാത്രമാണുള്ളത്. ഇതിൽ നിന്നും 2022-23 വർഷത്തിൽ 103416 രൂപ വരവുണ്ട്. കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ രൂപീകരിച്ചിട്ടില്ല.

എ) വാർഷിക വാടക വർദ്ധനവ്

കടമുറി വാടകയ്ക്ക് എടുത്തിട്ടുള്ള അതേ വ്യക്തി തന്നെ ലേല നടപടികൾ കൂടാതെ ഓരോ വർഷവും തുടർന്ന് ഉപയോഗിക്കുവാൻ അനുവാദം നൽകുമ്പോൾ 5% വാർഷിക വാടക വർദ്ധനവ് വരുത്തുന്ന രീതിയാണ് തുടർന്ന് വരുന്നത്. വർഷങ്ങളായി ഉപയോഗിച്ചു വരുന്ന ടി കെട്ടിടങ്ങൾക്ക് ഡിപ്പോസിറ്റ് നൽകാതെയാണ് ഇവർ ഉപയോഗിക്കുന്നത്. ഭരണ സമിതി ഈ വിഷയത്തിൽ വേണ്ട തുടർ നടപടികൾ സ്വീകരിക്കണം.

4. ലേലം

ആസ്തി രജിസ്റ്ററും ലേല രജിസ്റ്ററും പൊരുത്തപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ തുടങ്ങിയവ പൂർണ്ണമായും യഥാസമയം ലേലം ചെയ്യുന്നില്ല. കാലഹരണപ്പെട്ട ആസ്തികളായ ഇ-വേയ്സ്റ്റുകൾ, വാഹനങ്ങൾ, യന്ത്രസാമഗ്രികൾ തുടങ്ങിയവ യഥാസമയം ലേലം ചെയ്യുന്നില്ല. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിലുള്ള ഫലവൃക്ഷങ്ങളുടെ കൃത്യമായ കണക്ക് പഞ്ചായത്തിലില്ല. ഇവയിൽ നിന്നും ആദായം നേടുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാവുന്നതാണ്.

## 1-13 കച്ചിറയ്ക്കൽ യൂണിറ്റി മാൾ - ചട്ടം ലംഘിച്ച് കെട്ടിട നിർമ്മാണം : വസ്തുനികുതി നിർണ്ണയത്തിലും അപാകതകൾ

ശ്രീ. ഷാജി ജോർജ്ജ്, കച്ചിറയ്ക്കൽ, ശ്രീ റ്റി വി ചെറിയാൻ, കച്ചിറയ്ക്കൽ എന്നിവരുടെ ഉടമസ്ഥതയിൽ മൂന്നാം വാർഡിൽ വെണ്ണിക്കുളം ജംഗ്ഷനു സമീപം നിർമ്മാണം പൂർത്തിയാക്കിയ, ഗ്രൂപ്പ് എഫ്, എ1 വിനിയോഗ ഗണങ്ങളിലുള്ള കച്ചിറയ്ക്കൽ യൂണിറ്റി മാൾ എന്ന കെട്ടിടത്തിന്റെ റെഗുലറൈസേഷൻ, നികുതി നിർണ്ണയം എന്നിവ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീ. ഷാജി ജോർജ്ജ് , ശ്രീ. റ്റി. വി. ചെറിയാൻ എന്നിവർ 2016 ൽ അടുത്തടുത്ത പ്ലോട്ടുകളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്തിൽനിന്ന് പെർമിറ്റ് എടുത്തിരുന്നു.

| ഉടമയുടെ | റീസർവ്വേ നം | പെർമിറ്റ് നം | പ്ലിന്ത് |
|---|---|---|---|

| പേര് | | | ഏരിയ |
|---|---|---|---|
| ശ്രീ. ഷാജി ജോർജ്ജ് | 309-1-10, 309-1-16, 309-1-18, 309-1-25, 309-1-7 | C4-1705/2016 തീയതി 18.04.2016 | 242m$^2$ |
| ശ്രീ. റ്റി.വി. ചെറിയാൻ | 309-1-1, 309-1-19 | C4-1704/2016 തീയതി 18.04.2016 | 242m$^2$ |

തുടർന്ന് 2019-ൽ പ്രസ്തുത വ്യക്തികൾ ഇതേ പ്ലോട്ടുകളിൽ മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ മുകൾ നിലകൾ നിർമ്മിക്കുന്നതിനായി പെർമിറ്റിന് അപേക്ഷിക്കുകയും പഞ്ചായത്ത് പെർമിറ്റ് നൽകുകയും ചെയ്തു.

| ഉടമയുടെ പേര് | പെർമിറ്റ് നം | പ്ലിന്ത് ഏരിയ |
|---|---|---|
| ശ്രീ. ഷാജി ജോർജ്ജ് | C3-BA-26022/2019തീയതി 19.06.2019 | 812m$^2$ (Existing Building ഉൾപ്പെടെ) |
| ശ്രീ. റ്റി. വി. ചെറിയാൻ | C3-BA-26022/2019തീയതി 19.06.2019 | 782.4m$^2$ (Existing Building ഉൾപ്പെടെ) |

പെർമിറ്റ് പ്രകാരം യഥാക്രമം 812 M$^2$, 782.4 M$^2$ വീതമുള്ള രണ്ടു കെട്ടിടങ്ങൾ നിർമ്മിക്കേണ്ട സ്ഥാനത്ത്, പെർമിറ്റിൽനിന്ന് വ്യതിചലിച്ച്, പരസ്പരം ബന്ധമുള്ള ഒറ്റക്കെട്ടിടമായി 3177.12ച.മീറ്റർ നിർമ്മാണം (1582.72 M$^2$ അധികം) പൂർത്തീകരിച്ച മേൽപ്പറഞ്ഞ കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിനായി കെട്ടിട ഉടമകൾ അപേക്ഷ നൽകുകയും, നിർമ്മാണം റഗുലറൈസ് ചെയ്ത് 06.06.2022-ൽ വെവ്വേറെ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുകയും, കെട്ടിട നമ്പരുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ, ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. <u>ഇല്ലാത്ത സർവ്വേ നമ്പരുകൾ പ്ലാനിൽ രേഖപ്പെടുത്തി പ്ലോട്ട് വിസ്തീർണ്ണം കൂടുതലായി കാണിച്ചു</u>

പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം 48.19ആർ ഭൂമിയിലാണ് പ്രസ്തുത കെട്ടിടം നിൽക്കുന്നത്. ഇതനുസരിച്ചാണ് എഫ്.എസ്.ഐ., കവറേജ് എന്നിവ കണക്കാക്കിയിട്ടുള്ളത്. എന്നാൽ പുറമറ്റം വില്ലേജ് ഓഫീസർ നൽകിയ, 04.08.2022ലെ സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ. ഷാജി ജോർജ്ജിന്റെ പേരിൽ 24.04ആർ ഭൂമിയും, ശ്രീ. റ്റി.വി. ചെറിയാന്റെ ഉടമസ്ഥതയിൽ 14.45ആർ ഭൂമിയും ഉൾപ്പെടെ ആകെ 38.49 ആർ ഭൂമി മാത്രമാണുള്ളത്. വില്ലേജ് ഓഫീസർ ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് | കൈവശമുള്ള ഭൂമിയുടെ അളവ് (ആർസ്) | ബ്ലോക്ക് നം/സർവ്വേ നം |
|---|---|---|---|
| 1 | ശ്രീ ഷാജി ജോർജ്ജ് | 24.04 | ബ്ലോക്ക് നം.19- റീസർവ്വേ നം.309/1-16, 309/1-2, 309/1-25, 309/1-4, 309/1-17, 309/1-9, 309/1-6, 309/1-15, 309/1-14, 309/1-20, 309/1-13, 309/1-5, 309/1-22, 309/1-21, 309/1-8, 309/1-3, 309/1-24, 309/1-23, 309/1-7, |

| | | | |
|---|---|---|---|
| | | | 309/1-18 |
| 2 | ശ്രീ റ്റി വി ചെറിയാൻ | 14.45 | ബ്ലോക്ക് നം.19- റീസർവ്വേ നം. 309/1-11, 309/1-12, 309/1-27, 309/1-10-1, 309/1-19, 1020-1, 1-18-1, 1-17-1, 1-16-1, 1-10 |
| ആകെ | | 38.49 | |

മേൽപ്പറഞ്ഞ റീസർവ്വേ നമ്പരുകൾക്കു പുറമേ, കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടുള്ള 309/1-26, 308/10, 308/10-1 എന്നീ റീസർവ്വേ നമ്പരുകളിൽപ്പെട്ട വസ്തു ആരുടേതാണെന്ന് വ്യക്തമല്ല. ശ്രീ ഷാജി ജോർജ്ജിന്റെ ഉടമസ്ഥതയിലുള്ളതായി പ്ലാനിൽ കാണിച്ചിട്ടുള്ള 9.7 ആർസ് ഭൂമിയിൽ മറ്റൊരു കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. പ്ലാനിൽ പ്ലോട്ട് വിസ്തീർണ്ണം കൂടുതലുള്ളതായി കാണിക്കുന്നതിനുവേണ്ടിയും, ചട്ടപ്രകാരമുള്ള എഫ്.എസ്.ഐ., കവറേജ്, തുറസ്സായ സ്ഥലം എന്നിവ ഉണ്ടെന്നു വരുത്തുന്നതിനുവേണ്ടിയും നടത്തിയ ശ്രമമായി ഇതിനെ ഓഡിറ്റ് വിലയിരുത്തുന്നു.

2. ഒക്യുപ്പൻസി ലഭിച്ചതിനുശേഷം അനധികൃതമായി ഒരു നില കൂട്ടിച്ചേർത്തു

കംപ്ലീഷൻ പ്ലാൻ പ്രകാരം തറനിരപ്പ് നില, ഒന്നാം നില, രണ്ടാം നില എന്നിവയാണ് കെട്ടിടത്തിന്റെ ഭാഗങ്ങൾ. ഇതനുസരിച്ചാണ് അഗ്നിരക്ഷാ വകുപ്പ് 29.08.2022ൽ നിരാക്ഷേപ പത്രം നൽകിയിട്ടുള്ളത്. എന്നാൽ രണ്ടാം നിലയുടെ മുകളിൽ, പില്ലർ വാർത്ത് മൂന്നാം നില നിർമ്മിച്ചിട്ടുള്ളതായും ഇതിന് റൂഫിംഗ് പൂർത്തിയാക്കി, വശങ്ങൾ കെട്ടിയടച്ച് ഉപയോഗിച്ചുവരുന്നതായും കണ്ടു. 1115.65ച.മീറ്റർ പ്ലിന്ത് ഏരിയയുള്ള രണ്ടാം നിലയുടെ അതേ അളവാണ് മൂന്നാം നിലയ്ക്കും ഉള്ളത്. മൂന്നു നിലകൾ വരെയുള്ളതും 10മീറ്ററിൽ കൂടുതൽ ഉയരമില്ലാത്തതുമായ ഏകകുടുംബ വാസഗൃഹങ്ങൾ ഒഴികെയുള്ള മറ്റെല്ലാ ഒക്യുപ്പൻസിയ്ക്ക് കീഴിലുള്ള കെട്ടിടങ്ങളുടെയും ടെറസ്സിലുള്ള അധിക ഷീറ്റ്/ഓട് മേൽക്കൂര നിർമ്മാണം മറ്റൊരു നിലയായി പരിഗണിക്കേണ്ടതും ഈ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നിർബന്ധിത ആവശ്യകതകളും കണക്കാക്കുന്നതിനായി ഉൾപ്പെടുത്തേണ്ടതുമാണെന്ന് കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019, ചട്ടം 74(6) ൽ പറഞ്ഞിട്ടുണ്ട്. അധികമായി നിർമ്മിച്ച ഒരു നില (1115.65ച.മീറ്റർ ) ക്രമവൽക്കരിച്ചിട്ടില്ല.

3. അഗ്നിരക്ഷാ വകുപ്പിന്റെ നിരാക്ഷേപപത്രം മൂന്നു നിലകൾക്ക് മാത്രം

തറനിരപ്പ് നില ഉൾപ്പെടെ മൂന്നു നിലകളിലുള്ള, 9.5 മീറ്റർ ഉയരമുള്ള കെട്ടിടത്തിനാണ് അഗ്നിരക്ഷാ വകുപ്പിന്റെ നിരാക്ഷേപ പത്രം (നം.FRS/03/TVLA/9957/2022/FINAL തീയതി 29.08.2022) ലഭിച്ചിട്ടുള്ളത്. ഒരു വർഷത്തിനു ശേഷം പുതുക്കണമെന്ന നിർദ്ദേശത്തോടെയാണ് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. എന്നാൽ അധിക നില പണിതതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സർട്ടിഫിക്കറ്റ് പുതുക്കിയിട്ടില്ല. അതിനാൽ അഗ്നി രക്ഷാ വകുപ്പിന്റെ അനുമതി കൂടാതെയാണ് നിലവിൽ കെട്ടിടം പ്രവർത്തിക്കുന്നത്.

4. മതിയായ പാർക്കിംഗ് സംവിധാനമില്ല

മൂന്നു നിലകളിൽ പണിതിരിക്കുന്ന കെട്ടിടത്തിന് 3177.12 ച.മീറ്റർ ബിൽറ്റ് അപ്പ് ഏരിയയും 2991.58 ച.മീറ്റർ ഫ്ലോർ ഏരിയയും ഉള്ളതായി പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2991.58 M2 ൽ 2567.73 M2 വാണിജ്യാവശ്യവും 423.85 M2 പാർപ്പിടാവശ്യവുമാണ്. എന്നാൽ മതിയായ പാർക്കിംഗ് ക്രമീകരണം പ്ലാനിൽ കാണിച്ചിട്ടില്ല. 90ച.മീറ്ററിന് ഒന്ന് എന്ന ക്രമത്തിലാണ് പാർക്കിംഗ് കണക്കാക്കിയിട്ടുള്ളത്. ഇത് ശരിയല്ല. വാണിജ്യാവശ്യ കെട്ടിടങ്ങളുടെ ആകെ ഫ്ലോർ ഏരിയ 1200 M2 ൽ അധികമുള്ള പക്ഷം, അധികമായി വരുന്ന ഒരോ 60 ച.മീറ്ററിനും ഒന്ന് എന്ന ക്രമത്തിൽ കാറുകൾക്കുള്ള പാർക്കിംഗ് ആവശ്യമാണെന്ന് ചട്ടം 29 ന്റെ പത്താം പട്ടികയിൽ പറഞ്ഞിട്ടുണ്ട്. ഇതു പ്രകാരം ഏർപ്പെടുത്തേണ്ട പാർക്കിംഗ് സൗകര്യം ഇപ്രകാരമാണ്.

| വിനിയോഗ ഗണം | ഫ്ലോർ ഏരിയ | ആവശ്യമായ പാർക്കിംഗ് |
|---|---|---|
| വാണിജ്യാവശ്യം | 2567.73+892.52 (അനധികൃതമായി നിർമ്മിച്ച 1115.65m2 ന്റെ 80%) =3460.25 | 1200/90= 13.33 =14<br>2260.25/60=37.67 = 38<br>14+38=52 |
| പാർപ്പിടാവശ്യം | 423.85 M2 (അഞ്ച് യൂണിറ്റുകൾ) | 2+1 (സന്ദർശക പാർക്കിംഗ്) |

| | |
|---|---|
| ആകെ | 52+3=55 |

55 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം വേണ്ട സ്ഥാനത്ത് 36 എണ്ണം മാത്രമേ പാർക്കിംഗ് പ്ലാനിൽ ലഭ്യമാക്കിയിട്ടുള്ളൂ. ഇതിൽ 16 കാറുകളുടെ പാർക്കിംഗ് കെട്ടിടത്തിന്റെ മദ്ധ്യ ഭാഗത്തും 20 എണ്ണം കെട്ടിടത്തിന്റെ പിൻഭാഗത്തും ആണ്. പ്ലാനിൽ ലഭ്യമായ അളവുകൾ പ്രകാരം മദ്ധ്യഭാഗത്ത് പാർക്കിംഗിനായി നീക്കിവച്ചിട്ടുള്ളത് 87 ച.മീറ്റർ (12.23x7.11) ആണ്. ഇു പ്രകാരം സൗകര്യ പ്രദമായി പാർക്ക് ചെയ്യാൻ കഴിയുന്നത് നാലു കാറുകൾ മാത്രമാണ്. പിൻ ഭാഗത്ത് 190.44 ച.മീറ്ററിൽ (23x8.28) പാർക്ക് ചെയ്യാനാകുന്നത് 12 കാറുകൾ മാത്രമാണ്. ഈ ഭാഗത്ത്, പ്ലാനിൽനിന്ന് വ്യതിചലിച്ചം, ചട്ടപ്രകാരം ആവശ്യമായ ദൂരപരിധി പാലിക്കാതെയും ഒരു ഇരുനില കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. അതിനാൽത്തന്നെ പ്ലാനിൽ കാണിച്ചിട്ടുള്ള പാർക്കിംഗ് സൗകര്യം പിൻവശത്ത് ലഭ്യമല്ല.

ടൂ-വീലർ പാർക്കിംഗിന് സ്ഥലസൗകര്യം ഇല്ല

കെട്ടിടത്തിന് ആകെ ആവശ്യമായ കാർ പാർക്കിംഗ് ആയ825m2 ന്റെ (55x15) , 25% സ്ഥലം (206.25m2) ടൂ വീലർ പാർക്കിംഗിന് ആവശ്യമാണ്. എന്നാൽ ടൂ വീലർ പാർക്കിംഗിനായി പ്ലാനിൽ കാണിച്ചിട്ടുള്ള സ്ഥലം പ്ലോട്ടിനു പുറത്താണ്. ഉടമയുടെ തന്നെ ഭൂമിയെന്ന് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഭൗതിക പരിശോധനയിൽ, പ്രസ്തുത സ്ഥലത്ത് മറ്റൊരു കെട്ടിടത്തിന്റെ നിർമ്മാണം നടക്കുന്നതായി കണ്ടു. അതിനാൽ നിലവിൽ ടൂ വീലർ പാർക്കിംഗിന് പ്ലോട്ടിൽ സ്ഥലം ഒട്ടുംതന്നെയില്ല.

കയറ്റിറക്കിനുള്ള സ്ഥലം നീക്കിവച്ചിട്ടില്ല

ചട്ടം 29 (7) പ്രകാരം പാർക്കിംഗ് സ്ഥത്തിനു പുറമേ, ആകെ തറ വിസ്തീർണ്ണത്തിന്റെ ആദ്യ 700 മീറ്റർ കഴിഞ്ഞുള്ള ഓരോ ഒരോ ആയിരം ച.മീറ്റർ അല്ലെങ്കിൽ അതിന്റെ ഭാഗത്തിന് 30ച.മീറ്റർ എന്ന തോതിൽ കയറ്റിറക്ക് സ്ഥലം വ്യവസ്ഥ ചെയ്യേണ്ടതാണ്. ഇു പ്രകാരം ആകെ 60 ച.മീറ്റർ സ്ഥലം കയറ്റിറക്കിനായി നീക്കിവയ്ക്കേണ്ടതാണ്. എന്നാൽ ഇത്തരം സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

കാർ പാർക്കിംഗിനായി നീക്കിവച്ച ഭാഗത്ത് നി ർമ്മാണം നടത്തി

കെട്ടിടത്തിന്റെ പിൻഭാഗത്ത് പാർക്കിംഗിനുദ്ദേശിച്ചിട്ടുള്ള സ്ഥലത്ത്, പില്ലർ വാർത്ത് രണ്ട് നിലകളിൽ ഒരു കെട്ടിടം നിർമ്മിച്ചിട്ടുള്ളതായി ഭൗതിക പരിശോധനയിൽ കണ്ടു. പെർമിറ്റ് എടുക്കാതെയും, ചട്ടപ്രകാരമുള്ള ദൂരപരിധി പാലിക്കാതെയുമാണ് പ്രസ്തുത നിർമ്മാണം നടത്തിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളുടേതായാലും അവയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും 20.06.2022-ലെ ആർ.ബി.3/178/2020-തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിഷ്കർച്ചിട്ടുണ്ട്.

## വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകതകൾ

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

A) കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള മുഴുവൻ കെട്ടിടഭാഗങ്ങൾക്കും നികുതി നിർണ്ണയിച്ചിട്ടില്ല

കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ പ്ലിന്ത് ഏരിയ 3177.12 M2 ആണ്. സഞ്ചയയിൽ ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ വിവിധ നമ്പരുകൾ നൽകിയിട്ടുള്ള കെട്ടിട ഭാഗങ്ങളുടെ വിസ്തീർണ്ണം 2461.92 M2 മാത്രമാണ്. 715.2 M2 വരുന്ന ഭാഗം നികുതി നിർണ്ണയിക്കാതെയാണ് നിലവിൽ ഉപയോഗിച്ചവരുന്നത്. കൂടാതെ, അനധികൃതമായി നിർമ്മിച്ച മൂന്നാം നിലയ്ക്ക് (1115.65 M2) U/A നമ്പർ നൽകി നികുതി ഈടാക്കിയിട്ടില്ല.

B) റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി - 20% വസ്തുനികുതി നഷ്ടമായി

പ്രവേശനമാർഗ്ഗമുള്ള റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. പഞ്ചായത്തിലെ 3-ാം വാർഡിൽ കോട്ടയം - കോഴഞ്ചേരി റോഡിന്റെ അതിരിലാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രസ്തുത റോഡിന്റെ വീതി 7 മീറ്ററാണ്. 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ളതിനാൽ, വസ്തുനികുതി നിർണ്ണയത്തിൽ, അടിസ്ഥാന വസ്തു നികുതിയിന്മേൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം ' 1.5മീറ്ററിൽ കൂടുതൽ - പുറമറ്റം - വെണ്ണിക്കുളം ' എന്ന് തെറ്റായി രേഖപ്പെടുത്തുകയും, അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടിയിരുന്ന 20% വർദ്ധനവ് ഒഴിവാക്കുകയും ചെയ്തു.

C) തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് ഏർപ്പെടുത്തിയില്ല

മേൽത്തരം നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് തറ നിർമ്മിച്ചിട്ടുള്ള, 250ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ ചട്ടങ്ങളിലെ ചട്ടം 6ന്റെ ആറാം പട്ടികയിൽ പറയും പ്രകാരം അടിസ്ഥാന

വസ്തുനികുതിയിന്മേൽ 15ശതമാനം വർദ്ധനവ് വരുത്താവുന്നതാണ്. മേൽപ്പറഞ്ഞ കെട്ടിടങ്ങളെ സാധാരണ തറ (മൊസൈക്ക്, തറയോട്, സിമന്റ്, റെഡ് ഓക്സൈഡ്) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഇപ്രകാരം നികുതി വർദ്ധനവ് വരുത്തിയിട്ടില്ല. ഭൗതിക പരിശോധനയിൽ, പ്രസ്തുത കെട്ടിടത്തിന് സാധാരണ തറയല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

D) സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗിന് ബാധകമായ നികുതി വർദ്ധനവ് ഏർപ്പെടുത്തിയില്ല

സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന വസ്തുനികുതിയുടെ 10% വർദ്ധനവ് ഏർപ്പെടുത്തേണ്ടതാണെന്ന് ചട്ടം 6ന്റെ എട്ടാം പട്ടികയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ടിവി ചെറിയാന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ റിലയൻസ് സ്മാർട്ട് പോയിന്റ് എന്ന സ്ഥാപന പ്രവർത്തനം തുടങ്ങുന്നതിനുള്ള ക്രമീകരണങ്ങളുടെ ഭാഗമായി സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് നികുതി വർദ്ധനവ് ഏർപ്പെടുത്തിയിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുകയോ അല്ലാത്ത പക്ഷം U/A നമ്പർ നൽകി നികുതി ഈടാക്കുകയോ ചെയ്യാവുന്നതാണ്. കെട്ടിട നിർമ്മാണച്ചട്ടത്തിന്റെയും വസ്തു നികുതി ചട്ടത്തിന്റെയും ലംഘനങ്ങൾ സംബന്ധിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ വിശദമായ പരിശോധന നടത്തി, തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

കെടിട നിർമ്മാണത്തിലും വസ്തുനികുതി നിർണ്ണയത്തിലും ഉണ്ടായിട്ടുള്ള ഗുരുതരമായ ചട്ടലംഘനങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഇന്റേണൽ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തുന്നതിനും, തുടർ നടപടി സ്വീകരിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

## 1-14 വാണിജ്യാവശ്യത്തിനുള്ള കെട്ടിങ്ങൾ 1078 : ലൈസൻസ് എടുത്തത് 355 സ്ഥാപനങ്ങൾ മാത്രം

വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1078 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 832 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 150 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 0 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 21 |
| ഓഫീസ് ആവശ്യത്തിനുള്ളവ(വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 51 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ | 5 |
| വ്യവസായത്തിനാവശ്യമായ കൈത്തറി ഷെഡ്/ കയർപിരി ഷെഡ് | 1 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 18 |
| ആകെ | 1078 |

സ്ഥാപനം ലഭ്യമാക്കിയ വാർഡ് തിരിച്ചുള്ള ട്രേഡ്സ് രജിസ്റ്റർ പ്രകാരം 355 സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. 2021-22-ൽ 190 സ്ഥാപനങ്ങളുടെ ലൈസൻസാണ് ഡിമാന്റ് ചെയ്തിരുന്നത്. തൻ വർഷ ലൈസൻസ് രജിസ്റ്റർ പ്രകാരം 355 സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ കളക്ഷൻ തന്നെ ഡിമാന്റായി രേഖപ്പെടുത്തുന്ന തെറ്റായ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. സാമ്പത്തിക വർഷത്തിലെ വിവിധ മാസങ്ങളിലായി 20 പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിരുന്നു. എന്നാൽ അവയുടെ ഡിമാന്റ് അതാത് മാസത്തിൽ ജനറേറ്റ് ചെയ്തിട്ടില്ലായെന്ന് ലൈസൻസിന്റെ ലെഡ്ജർ

പരിശോധിച്ചപ്പോൾ ബോദ്ധ്യപ്പെട്ടു. ലൈസൻസ് രജിസ്റ്ററിൽ DCB തയ്യാറാക്കിയപ്പോൾ ഡിമാന്റും കളക്ഷനും തുല്യമാക്കി സാക്ഷ്യപ്പെടുത്തിയതിന്റെ സാംഗത്യം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 20 തീയതി 01. 11.2023) നൽകിയ മറുപടിയിൽ ഇതിനെ സാധൂകരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർവ്വം കാണേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം പാർപ്പിടാവശ്യത്തിനല്ലാതെ നിർമ്മിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളിലും നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വാർഡുകളുടെ ചുമതലയുള്ള ക്ലർക്കുമാർ മുഖേന പരിശോധന നടത്തേണ്ടതും, പഞ്ചായത്തിൽ പ്രവർത്തിക്കുന്നതും, ലൈസൻസ് ചട്ടങ്ങൾ ബാധകമായതുമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി, ലൈസൻസ് ഫീസ് പിരിവിൽ പുരോഗതി

ഗ്രാമപഞ്ചായത്തിന്റെ 2019-20 മുതൽ 2022-23വരെ സാമ്പത്തിക വർഷങ്ങളിലെ ലൈസൻസ് അപേക്ഷകളും തൊഴിൽ നികുതി രജിസ്റ്ററും പരിശോധിച്ചതിൽ ഈ രണ്ടിനങ്ങളിലും ക്രമാനുഗതമായ പുരോഗതി ദൃശ്യമാണ്.

| | തൊഴിൽ നികുതി | | ലൈസൻസ് ഫീസ് |
|---|---|---|---|
| വർഷം | (Employees) | (Traders) | |
| 2019-20 | 9,57,010 | 2,54,320 | 70,050 |
| 2020-21 | 9,94,067 | 2,68,520 | 70,300 |
| 2021-22 | 10,04,580 | 2,82,060 | 70,800 |
| 2022-23 | 11,13,070 | 3,43,030 | 1,88,700 |

ഓരോ വർഷവും നികുതി നികുതിയേതര ഇനങ്ങളിൽ വർദ്ധനവുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിര വികസനത്തിന് വരുമാനം നേടിയെടുക്കാവുന്ന എല്ലാ മേഖലകളിൽ നിന്നും ചോർച്ചയില്ലാതെ പിരിച്ചെടുക്കുന്നതിന് പരിശ്രമിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(എ) നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല

കേരളാ പഞ്ചായത്തിരാജ് ആക്ട് 205(ബി) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നികുതിക്കു വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കുവാൻ നോട്ടീസു മൂലം ആവശ്യപ്പെടാൻ സെക്രട്ടറി ബാദ്ധ്യസ്ഥനാണ്. എന്നാൽ ഇപ്രകാരം സെക്രട്ടറി ആവശ്യപ്പെട്ടിട്ടില്ലായെന്ന് സെക്ഷനിൽ നിന്നും അറിയുവാൻ സാധിച്ചു. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി വസൂലാക്കാൻ വകുപ്പ് 205ഡി പ്രകാരം തൊഴിലുടമ ബാധ്യസ്ഥനാണ്. ഓഫീസ് തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം കുടിശ്ശിക വരുമ്പോൾ അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ ചട്ടങ്ങൾക്ക് വിധേയമായി വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 205(3) ലും നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാനമായി ലഭിക്കേണ്ട തുക നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ തുടർ വർഷങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത്പരിധിയിലുള്ള റേഷൻ ഡിപ്പോകളിൽ ARD-85 എന്ന റേഷൻ കടയിൽനിന്ന് മാത്രമാണ് ലൈസൻസ്

ഫീസും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിരിക്കുന്നത്. റേഷൻ കടകളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റിൽ ഇല്ല. ടി സ്ഥാപനങ്ങളുടെ കൃത്യമായ വിവരശേഖരണം നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും തുടർ വർഷങ്ങളിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

(സി) ആധാരം എഴുത്ത് ഓഫീസ്, ആധാരം എഴുത്തുകാർ – നികുതി ഒടുക്കുവാനുള്ള ഡേറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ല

പുറമറ്റം ഗ്രാമപഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസുള്ളതിനാൽ ഗ്രാമപഞ്ചായത്ത് പരിസരത്തും വെണ്ണിക്കുളം ജംഗഷനിലും ധാരാളം ആധാരം എഴുത്ത് ഓഫീസുകളുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ ഒന്നും പോലും ഗ്രാമപഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. അപാകം ചൂണ്ടികാട്ടി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 20, തീയതി 01.11.2023) നൽകിയ മറുപടിയിൽ, തുടർ വർഷങ്ങളിൽ ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും ഇവിടുത്തെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. ഈ സ്ഥാപനങ്ങളോടനുബന്ധമായും സ്ഥാപനമില്ലാതെ സ്വതന്ത്രമായും പ്രവർത്തിക്കുന്ന ആധാരം എഴുത്തുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ടി സ്ഥാപനങ്ങളെ ഡേറ്റാബേസിൽ ഉൾപ്പെടുത്തി വിവരം ലഭ്യമാക്കേണ്ടതാണ്. തനത് വരുമാന വർദ്ധനവിനുള്ള ടി നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(ഡി) മരാമത്ത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരുടെ പേര് |
|---|---|
| 1 | വിപിൻ രാജ് |
| 2 | ജേക്കബ് കുര്യൻ |
| 3 | ബിനു ജോൺ |
| 4 | റെനി കുര്യൻ |
| 5 | അജിത്ത് സക്കറിയ |
| 6 | ബിജു കരംകാലിൽ |
| 7 | ജെ. ബി. അസോസിയേറ്റ്സ് |

മേൽപ്പറഞ്ഞ കരാറുകാർ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചതായി രേഖകളില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളോ, അല്ലാത്തപക്ഷം ഇവരിൽനിന്ന് തൊഴിൽ നികുതി ഈടാക്കി, ആയതിന്റെ രേഖകളോ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 144 പ്രകാരം ഇലക്ഷൻ നിക്ഷേപം തിരിച്ച് നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച ശേഷം 3 മാസത്തിനകം നിക്ഷേപം തിരിച്ച് നൽകേണ്ടതും 144(4) പ്രകാരം തിരിച്ച് നൽകാത്ത നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതുമാണ്. 31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം ഇലക്ഷൻ നിക്ഷേപം ഇനത്തിൽ 36,000 രൂപ അവശേഷിക്കുന്നുണ്ട്.

2) 2022-23 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഏകദേശം 3 മുതൽ 5 വർഷങ്ങൾക്ക് മുൻപ് ലഭ്യമായ നിക്ഷേപങ്ങൾ വരെ നിലവിലും ക്യാരി ഓവർ ചെയ്തുവരുന്നതായി കാണുന്നു. പ്രോജക്ട് അല്ലെങ്കിൽ ഉദ്ദേശ്യം പൂർത്തിയാക്കിയ ശേഷവും 3 വർഷത്തിലധികമായി ക്ലെയിം ചെയ്യപ്പെടാത്ത വാടക നിക്ഷേപം ഒഴികെയുള്ള നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് ഭരണസമിതിയുടെ അനുമതിയോടുകൂടി മുതൽക്കൂട്ടി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കാമായിരുന്നു (Kerala Financial Code Vol-1, Article-282). 2022-23 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുന്നിരിപ്പ് സംബന്ധിച്ച് വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുമില്ല. കാലഹരണപ്പെട്ട നിക്ഷേപം

പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത കണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

## 1-17 ഭരണസമിതിയോഗം- മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി യോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ 30.03.2023 മുതലുള്ള ചുവടെ ചേർക്കുന്ന തീയതികളിലെ മിനിട്ട്സ് ഓഡിറ്റ് തീയതിയിലും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | യോഗം നടന്ന തീയതി | യോഗം നമ്പർ |
|---|---|---|
| 1 | 30.03.2023 | 8 |
| 2 | 18.05.2023 | 11 |
| 3 | 27.06.2023 | 13 |
| 4 | 27.07.2023 | 14 |
| 5 | 08.09.2023 | 16 |
| 6 | 21.09.2023 | 17 |

നടപടിക്രമങ്ങളിൽ സുതാര്യതയും വേഗതയും ഉറപ്പാക്കുന്നതിനാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയത് എന്നിരിക്കേ യോഗങ്ങളുടെ മിനിട്ട്സ് പൂർത്തിയാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് ഉചിതമല്ല. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.02 തീയതി: 25.10.2023), ഗ്രാമപഞ്ചായത്ത് കമ്മിറ്റി യോഗ തീരുമാനങ്ങൾ സകർമ്മയിൽ അടിയന്തിരമായി പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിനായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം കുറച്ചു - വെള്ളക്കരം ഇനത്തിൽ കുറവുണ്ടായി

ഗ്രാമപഞ്ചായത്ത് വർഷങ്ങളായി 301 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് വാട്ടർ അതോറിറ്റിയിൽ അടച്ചുകൊണ്ടിരുന്നത്. ടാപ്പുകളിൽ മിക്കതും ഉപയോഗശൂന്യമാകുകയും, പ്രവർത്തനക്ഷമമായ ടാപ്പുകളിൽ വെള്ളത്തിന്റെ ലഭ്യത കുറവാകുകയും ചെയ്ത സാഹചര്യത്തിൽ, ഉപയോഗശൂന്യമായ പൊതുടാപ്പുകൾ ഒഴിവാക്കുന്നതിലേക്കായി സംയുക്ത പരിശോധന നടത്തുന്നതിന് തീയതി നിശ്ചയിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 09.01.2023-ലെ 13(5)-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകുകയുണ്ടായി. എന്നാൽ ഈ വിഷയത്തിൽ വാട്ടർ അതോറിറ്റി യാതൊരു തുടർ നടപടിയും സ്വീകരിച്ചില്ല. ഗ്രാമപഞ്ചയാത്തിന്റ നിരന്തരമായ ആവശ്യത്തെ തുടർന്ന് 08/2023-ൽ സംയുക്ത പരിശോധന നടത്തുകയും തുടർന്ന് 137 ടാപ്പുകൾ ഒഴിവാക്കി 10/2023-മുതൽ ടാപ്പുകളുടെ എണ്ണം 164 ആയി കുറയ്ക്കുകയും ചെയ്തു. എന്നാൽ ഇത്രയു ടാപ്പുകൾ പ്രവർത്തിക്കുന്നില്ലായെന്ന് വാട്ടർ അതോറിറ്റിയെ പഞ്ചായത്ത് അറിയിക്കുകയും, തുടർന്ന്, പ്രവർത്തനക്ഷമമല്ലാത്ത 55 ടാപ്പുകൾ കൂടി ഒഴിവാക്കുന്നതിന് വാട്ടർ അതോറിറ്റി തീരുമാനിക്കുകയും ഇവ വിച്ഛേദിക്കുന്നതിനുള്ള ചാർജ്ജായ 1.27 ലക്ഷം രൂപ അടവാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. (തിരുവല്ല വാട്ടർ അതോറിറ്റിയുടെ 07.10.20203-ലെ AB4-20055/2023(Price-3)-ാം നമ്പർ കത്ത് ). ഗ്രാമപഞ്ചായത്ത് 31.10.2023-ലെ ചെക്ക് നം. 27383 (UTR No. FDRLH 23304379057) പ്രകാരം 1.27 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്.

സംയുക്ത പരിശോധന മുഖേന വെള്ളക്കരം ഇനത്തിൽ വലിയ കുറവുണ്ടായിട്ടുള്ളത് അഭിനന്ദനാർഹമാണ്. 55 ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള തുടർ നടപടികൾ ഊർജ്ജിതമാക്കുന്നതിന് ഭരണസമിതിയുടെ ഭാഗത്തു നിന്നും ശ്രമം ഉണ്ടാകേണ്ടതാണ്.

പൊതു ടാപ്പുകളെ ആശ്രയിക്കുന്ന ഒരു പ്രദേശത്തെ കുടുംബങ്ങൾക്കെല്ലാം ജലജീവൻ മിഷൻ പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി പൊതു ടാപ്പുകൾ പൂർണ്ണമായും നിർത്തലാക്കുന്നതിനുള്ള സാധ്യത

പരിശോധിക്കാവുന്നതാണ്.

## 1-19 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയില്ല- അധിക ചെലവിന് കാരണമാകുന്നു

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാൽ, ഉപയോഗിക്കാത്ത വൈദ്യുതിയ്ക്കുംകൂടി ചാർജ്ജ് ഒടുക്കുന്ന അവസ്ഥയാണുള്ളത്. ഈ ഇനത്തിൽ ഓഡിറ്റ് വർഷം 7,22,353 രൂപയാണ് ഒടുക്കിയിട്ടുള്ളത്. വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കുണ്ടാകുന്ന ഭീമമായ ചെലവ് ഇല്ലാതാക്കുവാനും ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുവാനും സാഹചര്യം ഉണ്ടാക്കുവാനായാണ് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ മുന്നോട്ടുവച്ചത്. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള 07-07-2010 ലെ 43742/DC3 /ത.സ്വ.ഭ.വ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി ആകെ തുകയുടെ 50% തുക അടവാക്കിയാൽ മതിയായിരുന്നു. മീറ്റർ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നാളിതുവരെ പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടില്ല. ജില്ലയിലെ ഒട്ടുമിക്ക പഞ്ചായത്തുകളും മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറിക്കഴിഞ്ഞു.

കഴിഞ്ഞ 5 വർഷത്തെ തെരുവ് വിളക്കുകളുടെ വാങ്ങൽ പരിശോധിച്ചതിൽ, ഓർഡിനറി ബൾബുകൾ വാങ്ങിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ നിലവിൽ ഉപയോഗത്തിലില്ലാത്ത ബൾബുകളുടെ കറന്റ് ചാർജ്ജാണ് അടവാക്കുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ.ബി. യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തിയിട്ടുള്ളതിന്റെയും, മീറ്ററിംഗ് ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെയും വിവരം എന്നിവ ലഭ്യമാക്കുന്നതിനും തെരുവ് വിളക്കുകളുടെ വൈദ്യുത ഉപഭോഗം സംബന്ധിച്ച് വൈദ്യുതബോർഡിൽനിന്ന് തെരുവുവിളക്കുകളുടെ കറന്റ് ചാർജിന്റെ ചാർജ്ജ് പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 21 തീയതി 01.11.2023) നൽകിയ മറുപടിയിൽ, തെരുവ് വിളക്കുകളുടെ ഉപഭോഗം സംബന്ധിച്ച് താരിഫ് കാർഡ് നൽകുന്നതിന് KSEB-യ്ക്ക് കത്തു നൽകുന്നതാണെന്നും തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിലേയ്ക്ക് മീറ്ററിംഗ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ തുടർ വർഷങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണെന്നും അറിയിച്ചു. ഭരണ സമിതി ഈ വിഷയത്തിൽ സവിശേഷ ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഗ്രാമപ്പഞ്ചായത്ത് ഫണ്ടിന് വലിയ ബാദ്ധ്യത സൃഷ്ടിക്കുന്ന ഒരു ആവർത്തന ചെലവ് എന്ന നിലയിൽ, പ്രകാശിക്കുന്ന തെരുവ് വിളക്കുകൾക്കുമാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്നും, വൈദ്യുതി ചാർജ്ജ് ന്യായയുക്തമാണെന്നും ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം ചെലവ് നടത്തുന്ന ഉദ്യോഗസ്ഥനുണ്ട്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇത് സംബന്ധിച്ച പരാമർശിച്ചിട്ടുണ്ടെങ്കിലും അപാകത പരിഹരിക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗണ്യമായ തുക പാഴ്ചെലവ് ആകുന്ന സാഹചര്യത്തിൽ, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്ന നടപടി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഹ്രസ്വകാല നടപടി എന്ന നിലയിൽ ഒരു സംയുക്ത പരിശോധനയിലൂടെ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ തിട്ടപ്പെടുത്തി തെരുവ് വിളക്കുളുടെ രജിസ്റ്റർ തയ്യാറാക്കുന്നതിനും, നിലവിലില്ലാത്ത ഓർഡിനറി ബൾബുകളുടെ വൈദ്യുതി ചാർജ്ജ് ഒഴിവാക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, മീറ്ററിംഗ് പൂർണ്ണമായും നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്. പ്രവൃത്തികളുടെ അടിയന്തിര പൂർത്തീകരണം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മോണിറ്റർ ചെയ്ത് ഉറപ്പാക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി വിഷയം സഗൗരവം ചർച്ചചെയ്ത് അടിയന്തിര തുടർനടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 പരേതർക്കും ക്ഷേമപെൻഷൻ - സർക്കാർ ഫണ്ടിനുണ്ടായ നഷ്ടം 5.40 ലക്ഷം രൂപ

ക്ഷേമപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, മരണപ്പെട്ട സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മരണശേഷവും ക്ഷേമപെൻഷൻ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടു. ഈയിനത്തിൽ 5,40,500 രൂപയുടെ നഷ്ടമാണ് സർക്കാർ ഖജനാവിന് ഉണ്ടായിട്ടുള്ളത്.

പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ടു ചെയ്യപ്പെടുകയുമാണെങ്കിൽ, റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസം തന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. മരണം മറ്റ് തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയാണെങ്കിൽ ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസം തന്നെ ക്ഷേമപെൻഷൻ

നിർത്തേണ്ടതാണ്(22/09/2017-ലെ എസ്.എഫ്.സി.ബി1/71/2017/ധന. നമ്പർ സർക്കുലർ). പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ, അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ അധികൃതരുടെ ഭാഗത്ത് വീഴ്ചയുണ്ടായി.

ഓഡിറ്റ് നടത്തിയ പരിശോധനയിൽ മരണപ്പെട്ടതായി കണ്ട പെൻഷൻ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയ പെൻഷൻ തുക | | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|
| | | | | കാലയളവ് | തുക | |
| ഏലിയാമ്മ ചെറിയാൻ | 103890201020 | വാർദ്ധക്യകാല പെൻഷൻ | 29/06/2022 | 07/22 -06/23 | 19200 | 57005266544 (SBIN0070098) |
| ഏലിയാമ്മ ജോൺ | 103890200483 | " | 10/08/2020 | 09/20-06/23 | 53300 | 661802120000122 (CentralShare) 67240501368 (SBIN0070098) (State Share) |
| അമ്മിണി കൊച്ചുകുഞ്ഞ് | 103890100225 | കർഷക തൊഴിലാളി പെൻഷൻ | 17/02/2022 | 03/22-06/23 | 25600 | 11690100085385 (FDRL0001169) |
| സി എം ചാക്കോ | 103890200921 | വാർദ്ധക്യകാല പെൻഷൻ | 30/08/2022 | 09/22-06/23 | 16000 | 67336551041 (SBIN0070098) |
| സി എം തോമസ് | 103890200355 | " | 22/11/2022 | 12/22 - 06/23 | 11200 | 11690100001580 (FDRL0001169) |
| സി പി ജോർജ് | 103890200111 | " | 23/09/2020 | 10/22 - 06/23 | 14400 | 40360101015142 (KLGB0040360) |
| ദാസ് മണി | 103890200758 | " | 08/11/2021 | 12/21 - 06/23 | 30400 | 40360100000074 (KLGB0040360) |
| ദീനാമ്മ മത്തായി | 103890600064 | " | 06/12/2022 | 01/23 - 06/23 | 9600 | 11690100008908 (FDRL0001169) |
| ഇസ്മയേൽ റാവുത്തർ | 103890200055 | " | 08/03/2023 | 04/23-06/23 | 4300 | 67206118923 (SBIN0070098) |
| ഐപ്പ് റ്റി സി | 103890200976 | " | 23/09/2022 | 10/22-06/23 | 14400 | 34217828551 (SBIN0013407) |
| ജോൺ ചാക്കോ | 103890201564 | " | 19/04/2023 | 05/23-06/23 | 3200 | 67205279889-(SBIN0070098- State Bank Of India) |
| കമലാക്ഷി ഗോപാലൻ | 103890200009 | " | 06/04/2022 | 05/22-06/23 | 22400 | 67312994569 (SBIN0070098) |

| | | | | | | |
|---|---|---|---|---|---|---|
| കുഞ്ഞു ചെറുക്കൻ | 103890100064 | ” | 20/08/2020 | 09/20-06/23 | 53300 | 67348458276 (SBIN0070098) |
| കുഞ്ഞമ്മ | 103890201565 | ” | 18/03/2021 | 04/21-06/23 | 43200 | 67261589567 (SBIN0070098) |
| കുട്ടി മത്തായി | 103890100237 | കർഷക തൊഴിലാളി പെൻഷൻ | 12/11/2021 | 12/21-06/23 | 30400 | 67204227060 (SBIN0070098) |
| ലീലാ റ്റി ജി | 103890600420 | വിധവ പെൻഷൻ | 28/11/2022 | 12/22-06/23 | 11200 | 67119167856 (SBIN0070640) |
| ഓമന ശശീന്ദ്രൻ നായർ | 103890600291 | ” | 28/02/2022 | 03/22-06/23 | 25600 | 67225422056 (SBIN0070098) |
| പി ഐ സക്കറിയ | 103890201140 | വാർദ്ധക്യകാല പെൻഷൻ | 22/01/23 | 02/23-06/23 | 8000 | 20049032233 (SBIN0007018) |
| പി വി തോമസ് | 103890201273 | ” | 04/05/23 | 06/23 | 1200 | 67351702344 (SBIN0070099) |
| പാപ്പൻ ജോൺ | 103890200460 | ” | 01/07/20 | 08/20-06/23 | 73200 | 67331251600 (SBIN0070098) |
| പൊന്നമ്മ ശങ്കരൻ | 103890201093 | ” | 16/07/20 | 08/20-06/23 | 17600 | 11690100070494 (FDRL0001169) |
| സാറാമ്മ തോമസ് | 103890200986 | ” | 12/01/2023 | 02/23-06/23 | 6400 | 11690100011357 (FDRL0001169) |
| സരസ്സമ്മ പി കെ | 103890201621 | ” | 23/06/23 | - | നിലവിലും Active Pensioner | 67181243063 (SBIN0070098) |
| ശോശാമ്മ ജേക്കബ് | 103890200648 | ” | 14/03/2023 | 04/23-06/23 | 4800 | 11690100085872 (FDRL0001169) |
| ശോശാമ്മ തോമസ് | 103890200057 | ” | 08/07/2022 | 08/22-06/23 | 17600 | 67204879399 (SBIN0070098) |
| തങ്കപ്പൻ കെ കെ | 103890201470 | ” | 05/12/2021 | 01/22-06/23 | 28800 | 67336216933 (SBIN0070077) |
| ത്രേസ്യാമ്മ ഫിലിപ്പ് | 103890201297 | ” | 15/06/2023 | - | നിലവിലും Active Pensioner | 1169010006297 0- (FDRL0001169- Federal Bank) |
| | | ആകെ തുക | | | 5,40,500 | |

ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള സാമൂഹിക സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെയാണ് സേവനാ പെൻഷൻ സോഫ്റ്റ്‌വെയറിൽ നിന്നും ഒഴിവാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടത്. ഈ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. വിശദമായ പരിശോധനയിലൂടെ മാത്രമേ ഈയിനത്തിൽ സർക്കാർ ഖജനാവിനുണ്ടായിട്ടുള്ള യഥാർത്ഥ നഷ്ടം നിജപ്പെടുത്താനാവൂ. മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (നം. 67/2020/ധന, തീ. 05.11.2020). ഇത് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും വലിയ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്. ഇത് സംബന്ധിച്ച്

നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 26 തീയതി 11.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

പരേതരുടെ ക്ഷേമപെൻഷൻ അക്കൌണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുകകൾ തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഹെൽത്ത് ഗ്രാന്റ് ലഭിച്ചിട്ടും പിഎച്ച്സിയിൽ ലാബ് സൗകര്യം ഏർപ്പെടുത്താൻ കഴിഞ്ഞില്ല

പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ, പ്രാദേശിക സർക്കാരുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. പുറമറ്റം ഗ്രാമപഞ്ചായത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള ഹെൽത്ത് ഗ്രാന്റ് വകയിരുത്തി രണ്ട് പ്രോജക്റ്റുകൾ 2022-23-ൽ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും അവ തൻവർഷം നടപ്പിലാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം, പ്രോജക്റ്റിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 146/2023- പി.എച്ച്.സി.യിലെ ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 1,79,875 | 0 |
| 147/2023- സബ് സെന്റർ ഡെവലപ്പ്മെന്റ് | 55,000 | 0 |

ഈ വിഷയം ഓഡിറ്റ് എൻക്വയറി (19/31.10.2023) മുഖേന മെഡിക്കൽ ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തി. പി.എച്ച്.സി.യിൽ ലാബിലേക്കുള്ള അനലൈസറും മറ്റ് അത്യാവശ്യ ഉപകരണങ്ങളും ഉണ്ടെങ്കിലും ടെക്നീഷ്യന്റെ തസ്തികയില്ലാത്തതിനാലും ലാബ് പ്രവർത്തിക്കാനുള്ള സ്ഥല സൗകര്യം ഇല്ലാത്തതിനാലുമാണ് പ്രോജക്റ്റ് നടപ്പിലാക്കാൻ സാധിക്കാതിരുന്നതെന്ന് മറുപടി ലഭ്യമാക്കി. സബ് സെന്ററിനുള്ള തുക 2023-24-ൽ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിച്ചു.

ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെയും അവയെ ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളായി ഉയർത്തുന്നതിലൂടെയും ഗ്രാമപ്രദേശങ്ങളിൽ ഗുണമേന്മയുള്ള ചികിത്സാ കേന്ദ്രങ്ങൾ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ഗ്രാമീണ ജനതയ്ക്ക് ഉപകാരപ്പെടുന്ന തരത്തിൽ ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച്, നിലവിൽ ലഭ്യമായ ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 പണമടച്ചു: പിഎച്ച്സിക്ക് മരുന്ന് ലഭിച്ചില്ല

പുറമറ്റം പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും പി.എച്ച്.സി.ക്ക് ആവശ്യമായ മുഴുവൻ മരുന്നുകളും ഉപകരണങ്ങളും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം, പ്രോജക്റ്റിന്റെ പേര് | KMSCLനു നൽകിയ തുക | ലഭിച്ചത് | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| 11/2023 – പാലിയേറ്റീവ് കെയർ | 2,32,960 | 1,60,414 | 72,546 |
| 10/2023- പിഎച്ച്സിക്ക് മരുന്നു വാങ്ങൽ | 3,50,000 | 0 | 3,50,000 |
| ആകെ | 5,82,960 | 1,60,414 | 4,22,546 |

4,22,546 രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - ചെലവഴിക്കാത്ത 1.14 ലക്ഷം രൂപ തിരിച്ചടച്ചില്ല

കന്നുകുട്ടികൾക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് 2017-18, 2019-20, 2021-22 സാമ്പത്തിക വർഷങ്ങളിൽ ആവിഷ്കരിച്ച നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ചുവടെ ചേർക്കുന്ന തുകകൾ ഐ.സി.ഡി.പി. പ്രോജക്റ്റ് ഓഫീസറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

| വർഷം | കൈമാറിയ തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|
| 2017-18 | 2,43,750 | 2,12,552 | 31,198 |
| 2019-20 | 2,00,000 | 1,69,382 | 30,618 |
| 2021-22 | 2,12,500 | 1,59,967 | 52,533 |
| ആകെ | 6,56,250 | 5,41,901 | 1,14,349 |

കന്നുകുട്ടികൾ മരണപ്പെട്ടു പോയിട്ടുള്ള ഗുണഭോക്താക്കൾക്ക് സബ്സിഡി തുക കൈപ്പറ്റാൻ സാധിക്കാതിരുന്നതിനാലും, പ്രോജക്ട് കാലയളവ് കഴിഞ്ഞതിനാലും പഞ്ചായത്ത് കൈമാറിയ തുക പൂർണ്ണമായും ചെലവായിട്ടില്ല. പദ്ധതികളുടെ പൂർത്തീകരണത്തിനുശേഷം മിച്ചമുള്ളത് 1,14,349 രൂപയാണെന്ന് മൃഗസംരക്ഷണവകുപ്പിന്റെ AHEAD (Animal Husbandry Enterprise Administrative Depository) പോർട്ടലിൽ ലഭ്യമായ വ്യക്തിഗത ലഡ്ജർ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു.

കൃത്യമായ മോണിറ്ററിംഗ് ഇല്ലാതിരിക്കുന്നതിനാൽ ഇത്രയും തുക പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുകയാണ്. വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ള തുക തിരിച്ചടയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 കരാർ ജീവനക്കാരുടെ നിയമന, സേവന വിവരങ്ങൾ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ വിവിധ തസ്തികകളിൽ കരാർ ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്. എന്നാൽ ഇവരുടെ നിയമനം, സേവനം എന്നിവ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം ചുവടെ പറയുന്ന തസ്തികകളിൽ കരാർ ജീവനക്കാർ ജോലി ചെയ്തിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| കരാർ ജീവനക്കാർ | |
| ടെക്നിക്കൽ അസിസ്റ്റന്റ് | 1 |
| ഡ്രൈവർ | 1 |
| പ്രോജക്ട് അസിസ്റ്റന്റ് | 1 |
| അക്രഡിറ്റഡ് എഞ്ചിനീയർ (MGNREGS) | 1 |
| ഓവർസീയർ (MGNREGS) | 1 |
| അക്കൌണ്ടന്റ് കം ഐറ്റി അസിസ്റ്റന്റ് (MGNREGS) | 1 |
| ദിവസവേതനക്കർ | |
| പാർട്ട് ടൈം സ്വീപ്പർ (GAD) | 1 |
| അറ്റൻഡർ (GAD) | 1 |

പഞ്ചായത്തിൽ നിയമിതരായിട്ടുള്ള കരാർ ജീവനക്കാരുടെ നിയമനവും സേവനവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (22/01.11.2023) നൽകി. തുടർന്ന് എം.ജി.എൻ.ആർ.ഇ.ജി.എസ്. വിഭാഗം ജീവനക്കാരുടെയും, പ്രോജക്ട് അസിസ്റ്റന്റിന്റെയും ഉൾപ്പെടെ ആറ് പേരുടെ എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കി. എന്നാൽ നിയമനം സേവനം, ലീവ് എന്നിവ സംബന്ധിച്ച യാതൊരു വിവരവും ഹാജരാക്കിയില്ല. ഇതിൽനിന്നും കരാർ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ചുവടെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു എന്ന് വ്യക്തമാണ്.

1. മേൽപ്പറഞ്ഞ വിഭാഗം കരാർ ജീവനക്കാർ കെഎസ്ആർഭാഗം 1 അനുബന്ധം 8 പ്രകാരമാണോ നിയമിതരായിട്ടുള്ളത് എന്നത് സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.
2. ഓരോ വർഷവും നിയമനം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. 2022-23 ലേക്ക് ടെക്നിക്കൽ അസിസ്റ്റന്റ്, പ്രോജക്ട് അസിസ്റ്റന്റ്, അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസീയർ, അക്കൌണ്ടന്റ് കം ഐറ്റി അസിസ്റ്റന്റ് എന്നിവരുടെ കരാർ നിയമനം നീട്ടി നൽകിയിട്ടുണ്ട്.
3. കരാർ ജീവനക്കാരിൽ ടെക്നിക്കൽ അസിസ്റ്റന്റ്, പ്രോജക്ട് അസിസ്റ്റന്റ് എന്നിവരുടെ മാത്രം സേവനപുസ്തകങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. മറ്റ് ജീവനക്കാരുടെ സേവനപുസ്തകം നാളിതുവരെ ഓപ്പൺ ചെയ്യുകയോ സേവന വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതിനാൽ തന്നെ ആർജ്ജിതാവധി, ലീവ് സറണ്ടർ എന്നിവ സംബന്ധിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്താതെ പോകുന്നു. അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസീയർ, അക്കൗണ്ടന്റ്-കം-ഐറ്റി അസിസ്റ്റന്റ് എന്നിവർ സാമ്പത്തിക വർഷം ലീവ് സറണ്ടർ എടുത്തിട്ടുണ്ടെന്ന് വൗച്ചർ

പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചു.

4. കരാർ ജീവനക്കാരുടെ നിയമാനുസൃത ലീവുകൾ രേഖപ്പെടുത്താൻ പ്രത്യേക രജിസ്റ്റർ ഇല്ല.

അപാകതകൾ ചൂണ്ടികാണിച്ചു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 22 തീയതി 01.11.2023) ലഭ്യമാക്കിയ മറുപടിയിൽ, കരാർ ജീവനക്കാരുടെ സേവന പുസ്തകം തയ്യാറാക്കുന്നതാണെന്നും സേവനം സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ ഇതിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. അപാകതകൾ പരിഹരിക്കേണ്ടതും, സേവന വിവരങ്ങൾ കൃത്യമായി സേവന പുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കൃത്യമായ ഹാജരിന്റെ അടിസ്ഥാനത്തിൽ മാത്രം വേതനം നൽകുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-25 "ടേക്ക്-എ- ബ്രേക്ക്" പൊതു ശൗചാലയം പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തില്ല

2021-22 വർഷം ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്ന് പണികഴിപ്പിച്ചിട്ടുള്ള "ടേക്ക്-എ-ബ്രേക്ക്" കെട്ടിടം നാളിതുവരെ പണി പൂർത്തിയാക്കി പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി തുറന്നു കൊടുത്തിട്ടില്ല.

2021-22 സാമ്പത്തിക വർഷം കെട്ടിട നിർമ്മാണത്തിന് 444331 രൂപയും 2022-23 വർഷം വൈദ്യുതീകരണത്തിന് 33137 രൂപയും ചെലവഴിച്ചിട്ടുണ്ട് (ശുചിത്വ മിഷൻ ഫണ്ട്). വയറിംഗും അനുബന്ധ പ്രവൃത്തികളും പൂർത്തിയായെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ശൗചാലയം പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/2022-23, തീയതി: 02-11-2023) അസി. എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ, കെട്ടിടത്തിന് Ventilation Shutter, Partion Wall, MS Sheet Door മുതലായ പണികൾ കൂടി നടത്താനുണ്ടെന്നും ആയത് പൂർത്തിയാക്കി ഉടൻതന്നെ കെട്ടിടം പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന തരത്തിൽ തുറന്നു കൊടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്ത് ഓഫീസിലും മാർക്കറ്റിലും എത്തുന്നവർക്ക് പ്രയോജനപ്രദമാകുന്ന ശൗചാലയം അടിയന്തിരമായി തുറന്ന് കൊടുക്കുന്നതിനുള്ള നടപടി ഭരണസമിതി കൈക്കൊള്ളേണ്ടതാണ്.




## 1-26 വിനിയോഗം കുറവ്-മെയിന്റനൻസ് ഗ്രാന്റ് 28.80 ലക്ഷം രൂപ ലാപ്സായി

വിനിയോഗത്തിലെ കുറവ് മൂലം റോഡ്/റോഡിതര ആസ്തികളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഉപയോഗിക്കാമായിരുന്ന 28.80 ലക്ഷം രൂപ 2022-23 വർഷം ഗ്രാമപഞ്ചായത്തിന് നഷ്ടമായി. ഓഡിറ്റ് വർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 35,66,000 രൂപയും റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 45,70,000 രൂപയും സർക്കാർ അനുവദിച്ചിരുന്നു. റോഡ് വിഭാഗത്തിൽ 26 പ്രോജക്റ്റുകൾ ആവിഷ്കരിച്ചതിൽ 14 പ്രോജക്റ്റുകൾ നടപ്പാക്കുകയും 18,71,815 രൂപ ചെലവഴിക്കുകയും ചെയ്തു. നോൺ റോഡ് വിഭാഗത്തിൽ 25 പ്രോജക്റ്റുകൾ ആവിഷ്കരിച്ചതിൽ 18 പ്രോജക്റ്റുകൾക്കായി 33,84,619 രൂപയും ചെലവഴിച്ചു. ആകെ ലഭ്യമായ ഫണ്ടിന്റെ 64.61 ശതമാണ് വിനിയോഗം. സർക്കാരിന്റെ പുതുക്കിയ മാനദണ്ഡ പ്രകാരം (സ.ഉ.(കൈ)നം.79/2021/ധന., തീ. 15.07.2021) ചെലവഴിക്കാത്ത തുക പൂർണ്ണമായും ക്യാരി ഓവർ ചെയ്ത് ലഭിക്കില്ല. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ മാത്രമേ ക്യാരി ഓവർ ചെയ്യാൻ അനുവദിക്കുകയുള്ളൂ.

വിനിയോഗത്തിലെ കുറവ് മൂലം 28.80 ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടമായത് ഗൗരവതരമാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ സവിശേഷ ശ്രദ്ധക്ഷണിക്കുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല

മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ പ്രോജക്ടുകൾ വലിയ തോതിൽ സ്പിൽ ഓവറാകുന്നു. ഓഡിറ്റ് വർഷം ആകെയുണ്ടായിരുന്ന 52 മരാമത്ത് പ്രവൃത്തികളിൽ 31 എണ്ണം സ്പിൽ ഓവറും, 21 എണ്ണം പുതിയ പ്രോജക്ടുകളുമായിരുന്നു. തൻ വർഷം ആവിഷ്കരിച്ച പദ്ധതികളിൽ 24 പ്രവൃത്തികൾ നടപ്പാക്കി ധനവിനിയോഗം നടത്തിയിട്ടില്ല. മുൻകാലങ്ങളിലെന്നപോലെ വളരെ വൈകിയാണ് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ആരംഭിച്ചിട്ടുള്ളത്. 2022-23-ലെ പുതിയ പ്രോജക്ടുകളുടെ ആദ്യ ടെണ്ടർ ക്ഷണിച്ചത് 20-12-2022-ലാണ് തുടർന്ന് 04-02-23 ലും 02-03-2023 ലുമായാണ് നടന്നത്. വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയിൽനിന്നും അംഗീകാരം ലഭിക്കുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ട് (സെപ്റ്റംബർ 2022). മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കലും, സങ്കേതികാനുമതി വാങ്ങി പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്ന പ്രക്രിയയും സാമ്പത്തിക വർഷാന്ത്യത്തിലേക്ക് നീണ്ടുപോയി. ടെണ്ടർ നടപടികൾ സാമ്പത്തിക വർഷാന്ത്യത്തിലേക്ക് നീണ്ടുപോകുന്നത് പ്രവൃത്തികൾ വലിയ തോതിൽ സ്പിൽ ഓവറാകുന്നതിന് ഇടയാക്കുന്നു. ഓരോ വർഷവും സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ നിന്നും 80% എങ്കിലും തുക ചെലവഴിക്കാതെ വന്നാൽ ചെലവഴിക്കാത്തതിൽ 20% ൽ കൂടുതലുള്ള തുക നഷ്ടമാകുന്നതാണ്. പഞ്ചായത്തിന്റെ വികസനത്തിന് ലഭിക്കുന്ന സർക്കാർ ഫണ്ട് ഇപ്രകാരം ലാപ്സാകുന്നത് വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.

മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനും, കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് വീഴ്ചവരുത്തുന്ന കരാറുകാർക്കെതിരെ കരാറുടമ്പടിയിലെ വ്യവസ്ഥകൾ പ്രകാരമുള്ള കർശന നടപടി സ്വീകരിക്കുന്നതിനും നിർവ്വഹണ ചുമതലയുള്ള അസി.എഞ്ചിനീയർ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ, പ്രത്യേകിച്ച് വികസന/ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 ജി.എസ്.ടി.കോമ്പൻസേഷൻ- അധികം നൽകിയ തുക ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരികെ അടച്ചു

2022-23-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ ആയുർവേദ ഡിസ്പെൻസറി സംരക്ഷണ ഭിത്തി നിർമ്മാണം (പ്രോ.നം.എസ് 0038/23) എന്ന പ്രവൃത്തിയുടെ കരാറുകാരന് 17% നിരക്കിലാണ് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചിരുന്നത്. 26-03-2022-ൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി 16-07-2022 ൽ പ്രവൃത്തി പൂർത്തിയാക്കി. മരാമത്ത് പ്രവൃത്തികൾക്കുള്ള ജി.എസ്.ടി. നിരക്ക് 18.07.2022 പ്രാബല്യത്തിലാണ് 18% ആയി വർദ്ധിപ്പിച്ചിട്ടുള്ളത്. ഈ തീയതിയ്ക്ക് മുമ്പ് പ്രവൃത്തി പൂർത്തിയാക്കി ഇൻവോയ്സ് ജനറേറ്റ് ചെയ്തിട്ടുള്ള പ്രവൃത്തികളുടെ സംഗതിയിൽ 12% ജി.എസ്.ടി. നിരക്കായിരിക്കും ബാധകമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ് (Circular No.79/2022/Fin, Dt.15.09.2022). ഈ സാഹചര്യത്തിൽ 18.07.22-ന് മുമ്പ് പൂർത്തിയാക്കിയിട്ടുള്ള മേൽ പ്രവൃത്തിയുടെ കരാറുകാരന് 17% ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചത് ശരിയല്ല. ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ കരാറുകാരന് അധികം നൽകിയ 8,381 രൂപ തിരികെ ഈടാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് (നം.17/2022-23, തീയതി: 31-10-2023) കരാറുകാരൻ തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി (രസീത് നം. 1230102850/09-11-2023) രസീത് പരിശോധനയ്ക്ക് ഹാജാരാക്കി.

## 1-29 റോഡ് കണക്ടിവിറ്റി മാപ്പിംഗ്-പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | S0049/23 |
| പ്രോജക്ടിന്റെ പേര് | റോഡ് കണക്ടിവിറ്റി മാപ്പിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 39000/-(വികസന ഫണ്ട്) |
| ചെലവ് | 15600/- |

പഞ്ചായത്ത് പ്രദേശത്തെ റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികളും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ നമ്പരിലുള്ള പ്രൊജക്ട്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന്, പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം (19.12.22ലെ 7(1)-ാം നമ്പർ തീരുമാനം) ശ്രീ. ലിബു കെ. മാമ്മനെ നിയമിക്കുകയും പ്രതിഫലമായി 15,600 രൂപ വികസന ഫണ്ടിൽ നിന്നും നൽകുകയും ചെയ്തു. ഇപ്രകാരം മൊബൈൽ ആപ്പ് വഴി മുഴുവൻ വാർഡുകളിലെയും ആസ്തികൾ ട്രാക്ക് ചെയ്തിട്ടുള്ളത് സംബന്ധിച്ചും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ/രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/2022-23, തീയതി:31-10-2023), റോഡുകളുടെ ഒന്നാം ഘട്ട സർവ്വേ മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂവെന്നും R-track Survey Software Updation-ന്റെ ഭാഗമായി തുടർ നടപടികൾ നിർത്തിവെച്ചിരിക്കുകയാണെന്നും മറുപടി ലഭ്യമാക്കുകയുണ്ടായി. തുടർ പ്രവൃത്തികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു

ലൈഫ് ഭവന പദ്ധതിക്കായി ഓഡിറ്റ് വർഷവും അതിന് മുമ്പുള്ള വർഷങ്ങളിലുമായി ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട ജനറൽ, എസ്.സി വിഭാഗങ്ങളിൽപ്പെട്ട 9 ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്/വിലാസം | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീമതി. സൂസൻ ശ്രീകുമാർ, കൊച്ചുപുരയ്ക്കൽ മുണ്ടമല | 3,00,000 | ജനറൽ |
| 2 | ശ്രീ. മനോജ് കെ.പി, കിഴക്കേകൊലായിൽ, മുണ്ടമല | 2,00,000 | ,, |
| 3 | ശ്രീമതി. വിജിത കെ. രാജൻ, കരിമ്പനാമുറിയിൽ, മുണ്ടമല | 2,00,000 | എസ്.സി.പി |
| 4 | ശ്രീ. ചിന്ദു പി.റ്റി, പാണ്ടിയാങ്കൽ, പുറമറ്റം | 3,60,000 | ,, |
| 5 | ശ്രീ. അഖിൽ സി. ഗോപാലൻ, ചീനിക്കാലായിൽ പട്ടുതോട് | 3,60,000 | ,, |
| 6 | ശ്രീമതി ശരണ്യ ഇ.എസ്, ഇടത്തറ, വെണ്ണിക്കുളം | 3,00,000 | ,, |
| 7 | ശ്രീ. മധു കെ.ആർ, കാഞ്ഞിരത്തുംമൂട്ടിൽ, പുറമറ്റം | 40,000 | ,, |
| 8 | ശ്രീ. രാജേന്ദ്രൻ ദാമോദരൻ, കരോട്ട് പടിഞ്ഞാറേതിൽ | 3,00,000 | ,, |
| 9 | ശ്രീ. സുജിത്കുമാർ, പൂവത്തിനാകുഴിയിൽ, മുണ്ടമല | 3,60,000 | ,, |

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 10/2022-23, തീയതി: 30-10-2023), നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.

ക്രമ നം. 3 ൽ പെട്ട ശ്രീമതി വിജിത കെ. രാജൻ, കരിമ്പനാമുറിയിൽ, മുണ്ടമല എന്ന വ്യക്തിക്ക് ഭവന നിർമ്മാണത്തിനായി രണ്ട് ഗഡുകൾ നൽകിയ ശേഷം, അവർക്ക് സ്വന്തമായി മറ്റൊരു ഭവനം ഉണ്ടെന്ന്

മനസ്സിലാകുകയും ആയതിനെ തുടർന്ന് അനുവദിച്ച മുഴുവൻ തുകയും തിരിച്ചടയ്ക്കാൻ നിർദ്ദേശം നൽകുകയും അവർ 80,000 രൂപ ഗ്രാമപഞ്ചായത്തിൽ അടയ്ക്കുകയും ചെയ്തു. ബാക്കി തുക ഈടാക്കുന്നതിന് റെവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മറ്റുള്ള ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഭവന നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും തുക തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നത് ഈടാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് | 1,77,458 | അങ്കണവാടി പോഷകാഹാര പദ്ധതി | 1,77,458 | ഇല്ല |
| ,, | 50,000 | ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിനെ സബ്സിഡി | 50,000 | ,, |
| ,, | 3,00,337 | നെൽകൃഷി വികസന പദ്ധതി | 3,00,337 | ,, |
| ,, | 3,00,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,00,000 | ,, |
| ,, | 7,00,000 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി.) | 7,00,000 | ,, |
| ,, | 973 | അതിദരിദ്രർക്കുള്ള പദ്ധതി -ഭക്ഷണം നൽകൽ | 973 | ,, |
| ജില്ലാ പഞ്ചായത്ത് | 2,98,000 | പാലിയേറ്റീവ് കെയർ | 2,98,000 | ,, |
| ,, | 1,96,478 | അങ്കണവാടി പോഷകാഹാര പദ്ധതി | 1,96,478 | |
| ,, | 70,011 | ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിനെ സബ്സിഡി | 70,011 | ,, |

| | | | | |
|---|---|---|---|---|
| „ | 15,00,000 | കിഴങ്ങുവർഗ്ഗ വികസന പദ്ധതി | 15,00,000 | „ |
| „ | 6,80,000 | നെൽകൃഷി വികസന പദ്ധതി | 6,80,000 | |
| „ | 2,00,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000 | „ |
| „ | 1,00,000 | ആശ്രയ പദ്ധതി | 1,00,000 | „ |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്റ്റ് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 1 | സ്ട്രീറ്റ് ലൈൻ നീട്ടൽ (എസ്.0005/23) | KSEB | 636434 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു |
| 2 | ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളപൈപ്പ് ലൈൻ എക്സ്റ്റൻഷൻ (എസ്.0058/23) | KSEB | 268296 | ഇല്ല |
| 3 | പൈപ് ലൈൻ ദീർഘിപ്പിക്കൽ (എസ്.0006/23) | KWA | 375000 | „ |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 11,36,105* | -- | 11,36,105 | 12,96,669 | -- | (-)1,60,564 |

* 2021-22 വർഷം ലൈഫ് മിഷൻ സംസ്ഥാന വിഹിതമായി ലഭിച്ച 5,50,000 രൂപയും ബാങ്ക് പലിശ 16,792 രൂപയും തെറ്റായി ലോൺ അക്കൗണ്ടിൽ വരവായി ഉൾപ്പെടുത്തിയിരുന്നു. ആയത് ക്രമപ്പെടുത്തിയിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2014/15 | 2-4 | 2016/17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2015/16 | 2-6 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015/16 | 2-7 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015/16 | 2-8 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015/16 | 2-9 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2016/17 | 2-4 | 2016/17 | വസ്തുനികുതി പരിഷ്കരണനടപടികൾക്ക് സ്ഥിരീകരണമില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 3,33,64,721 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,08,81,663 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി 2-460/96 തീയതി | 1(5) |
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി 2-257/98തീയതി | 1(2) |
| 1997-98 | എൽ.എഫ്.പി.റ്റി.എ.പി 5-558/11 തീയതി | 1(16) |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി7-355/10തീയതി 04.10.10 | 5(3-2,3-3,3-6,3-11,3-12) |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി5-1094/11 തീയതി 06.12.11/07.12.2013 | 3(3-5,3-20,3-21) |
| 2010-11 | എൽ.എഫ്.പിറ്റിഎ.പി5-406/12 തീയതി 07.06.2012/03.04.14 | 4(3-5,3-7,3-10,3-12) |
| 2011-12മുതൽ 2012-13 വരെ | എൽ.എഫ്.പിറ്റിഎ.പി8-149/14 തീയതി 24.04.14/14.11.14 | 4 (3-2,3-9,3-10,3-12) |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി8-572/15 തീയതി 08.07.2015 | 9 (3-1, 3-2, 3-3, 3-4, 3-5, 3-6, 3-10, 3-11, 3-16) |
| 2014-15 | കെ.എസ്.എ.പിറ്റി.എ.പി8-749/16 തീയതി 16.07..2016 | 7 (3-1, 3-2, 3-3, 3-4, 3-10, 3-14, 3-16) |
| 2015-16 | കെ.എസ്.എ.പിറ്റിഎ.പി8-53/17 തീയതി 06.12.2017 | 4 (2-6, 2-7, 2-8, 2-9) |
| 2016-17 | കെ.എസ്.എ.പിറ്റിഎ.പി8-1117/17 തീയതി 03.10.2017 | 2 (3-1, 3-11) |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി8-1574/18 തീയതി 15.12.2018 | 2 (3-2, 3-6) |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി8-786/19 തീയതി 19.9.2019 | 3 (1-15, 1-24, 1-25) |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി8-581/2021 തീയതി 28.9.2021 | 3 (1-14(3), 1-18, 1-19) |
| 2020-21 | കെ.എസ്.എ.പിറ്റിഎ.പി8 – 582/2021 | 3 |

| | | |
|---|---|---|
| | തീയതി 29.9.2021 | (1-14, 1-18, 1-20) |
| 2021-22 | കെ.എസ്.എ.പിറ്റിഎ.പി8 – 1386/2022<br>തീയതി 18.01.2023 | 11<br>1-11(1,2), 1-12, 1-13, 1-17, 1-18, 1-19, 1-20, 1-22, 1-23 & 1-27 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 11(1) dated 27-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the PURAMATTOM Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of PURAMATTOM Grama Panchayat for the year 2022-2023

Date: 10/11/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of PURAMATTOM Grama Panchayat for the Year 2022-2023.

**1.Major Observations**

The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1. The mandatory financial statements such as notes on accounts and ratios prescribed in accountingrules are not submitted for audit.

2. Cash flow statement-Net increase/decrease in cash flow does not match with the difference between the OB and CB.

3. Proportionate amounts spent on various government grants for asset creation/investment works during the

year have not been transferred
to the Capital Contribution Account. As a result the income of the Gram Panchayat will be higher than the expenditure and the actual financial position will not be reflected.

4. There is no accurate record of utilization of various grants. Due to absence of registers and records, accuracy of deposits were not ascertained.

5. Amounts received for execution of joint venture projects- Balance in the corresponding liability head and bank/treasury account
concerned does not match.

6. Secured Loans- Loan from KURDFC- Amout shown in the Annual financial Statement (Rs. 4,06,228) does not match with the
actual closing balance (Rs. (-)1,60,564). Amount Received on account of State Share for Life Housing Scheme Rs. 5,50,000 and bank interest Rs. 16,792 is booked wrongly in Loan account.

7. Schedule B-7: Unclaimed Deposits for more than three years were not forfeited and transferred to revenue head.
The balance amount shown in Deposit Received from Others is not accurate.

8. Schedule B-9: Registers and documents necessary to ascertain the correctness of the amounts included under various liability heads are not available.

9. Schedule B-9: Expenditure is not booked in the head reflecting the purpose.

10.Lapses in making timely and accurate demand entries in respect of tax and non tax revenue.

11. Deposit works were not booked under the proper head Advance to Implementing Agencies.

12. NREGA- Income and Expenditure booked does not match with the actual amount.

13. There are no supporting documents to substantiate the journal vouchers recorded.

14. Capital work in progress account-Previous year balance adusted wrongly.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്